# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ റ്റി എം പി13-1619/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/11/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ റ്റി എം പി13-1619/2025 തീയ്യതി: 07/11/2025

# കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-09-2025 | 20-09-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-09-2025 | 20-09-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ജോഷി തോമസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജേഷ് കുമാർ പി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വിനീത പി പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. പ്രിൻസി ആന്റണി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡാലി റോയ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ശാലിനി വർഗീസ് | സെക്രട്ടറി | 11-10-2024 | 31-03-2025 |
| ശ്രീ. റോയ് കെ ജോർജ് | സെക്രട്ടറി | 01-04-2024 | 10-10-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഡോ. നിഖില സജീവൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. സജിമോൻ പി പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീനാമോൾ പി.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഐശ്വര്യ സാലി | ഫിഷറീസ് ഓഫീസർ | 01-03-2024 | 31-08-2024 |
| ശ്രീ.സനീഷ് ദിനേഷൻ | ഫിഷറീസ് ഓഫീസർ | 01-09-2024 | 01-12-2024 |
| ശ്രീമതി.ഐശ്വര്യ സാലി | ഫിഷറീസ് ഓഫീസർ | 02-12-2024 | 31-03-2025 |
| ശ്രീ. രാജീവ് കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. നാദിഷ പി എം | വി ഇ ഒ, പാമ്പാടി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. രാഹുൽ ചന്ദ്രൻ സി | വി ഇ ഒ, വെള്ളൂർ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി മായ ബി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 01-08-2024 |
| ശ്രീമതി സുമ വർഗീസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ഡോ. കുക്ക അച്ചാമ്മ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-07-2024 |
| ഡോ. ദിപു ഡി. | സീനിയർ വെറ്ററിനറി സർജൻ | 01-08-2024 | 20-03-2025 |
| ഡോ. ലിനി ചന്ദ്രൻ | സീനിയർ വെറ്ററിനറി സർജൻ | 21-03-2025 | 31-03-2025 |
| ഡോ. അനു ജോസഫ് കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി ഓമന മാത്യു | ഹെഡ്മിസ്ട്രസ്, സെന്റ് തോമസ് എൽ. പി. സ്കൂൾ, സൗത്ത് പാമ്പാടി | 01-04-2024 | 30-06-2024 |
| ശ്രീമതി സാറാമ്മ ജോസഫ് എം | ഹെഡ്മിസ്ട്രസ്, ഗവ. സെൻട്രൽ എൽ.പി.എസ്, വെള്ളൂർ | 01-07-2024 | 31-03-2025 |
| ശ്രീ. കണ്ണൻ എ. വി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ദിവ്യ പൂജ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഷെഡ്യൂളിൽ ചെലവുകൾ ക്രമീകരിച്ചില്ല | 1-1-4 |
| 6 | വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-6 |
| 8 | കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-7 |
| 9 | സർക്കാരിൽ നിന്ന് ലഭിക്കാനുള്ള Redumption ഇനത്തിലുള്ള തുകയുടെ മുന്നിരിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ല | 1-1-8 |
| 10 | പഞ്ചായത്ത് Distress Relief Fund ഷെഡ്യൂളും അക്കൗണ്ടുകളും തമ്മിൽ വ്യത്യാസം | 1-1-9 |
| 11 | Beneficiary Contribution ശീർഷകത്തിലെ തൻവർഷ ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിച്ചില്ല | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | വാർഷിക ധനകാര്യപത്രികയിലെ ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | വാർഷികപദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ | 1-7 |
| 20 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 1.55 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-11 |
| 24 | കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത | 1-12 |
| 25 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു. | 1-13 |
| 26 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ-നികുതി നിർണ്ണയിച്ചില്ല | 1-14 |
| 27 | പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-15 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-16 |
| 29 | കെട്ടിട വാടക - കുടിശ്ശിക/എഗ്രിമെന്റ് അപാകതകൾ | 1-17 |
| 30 | IFTE &OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 31 | ഓഡിറ്റ് ഇംപാക്റ്റ് -അവധിയിലായിരുന്ന മെമ്പർക്ക് ഓണറേറിയം അനുവദിച്ചത് തിരിക അടച്ചു | 1-19 |
| 32 | ബസ് സ്റ്റാൻഡ് നവീകരണം -ഡിപിആർ തയ്യാറാക്കൽ- തുടർ പ്രവർത്തനങ്ങളിൽ പുരോഗതിയില്ല | 1-20 |
| 33 | പിറ്റിഎം എൽപിസ്കൂളിന് കുഴൽക്കിണർ നിർമ്മാണം-ബാലൻസ് തുക തിരികെ ലഭിച്ചില്ല | 1-21 |
| 34 | എക്സൈസ് ഓഫീസിന് വാടക നൽകൽ- കോഓർഡിനേഷൻകമ്മറ്റി നിർദ്ദേശം പാലിച്ചിട്ടില്ല | 1-22 |
| 35 | ജൽജീവൻ മിഷൻ  പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ- വാട്ടർ അതോറിറ്റി അനുവദിച്ച 9.34 കോടി രൂപ ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. | 1-23 |
| 36 | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - കുടിശികയുടെ കൃത്യത വ്യക്തമല്ല | 1-24 |
| 37 | മുൻകൂർ ചെലവഴിച്ച തുക ക്രമീകരിച്ചില്ല | 1-25 |

| | | |
|---|---|---|
| 38 | സ്ട്രീറ്റ് മെയിൻ വലിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 39 | പാമ്പാടി കൃഷി ഭവൻ - വൈദ്യുത കണക്ഷൻ - വാണിജ്യ സ്ഥാപനങ്ങളുടെ താരീഫിൽ | 1-27 |
| 40 | വയോജന ടൂർ- സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കി | 1-28 |
| 41 | ബാലസഭ- അധികം തുക ചെലവഴിച്ചു | 1-29 |
| 42 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം -അപാകതകൾ | 1-30 |
| 43 | സംസ്കാരിക നിലയം നിർമ്മാണം വാർഡ് 20-ഉപയോഗപ്രദമാക്കിയില്ല | 1-31 |
| 44 | പൂതക്കുഴി കുടിവെള്ള പദ്ധതി - ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. | 1-32 |
| 45 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-33 |
| 46 | ജി ബിൻ വിതരണം - വികസനഫണ്ടിൽ നിന്നും 9675/- രൂപ അധികം ചെലവഴിച്ചു | 1-34 |
| 47 | വീട് വാസയോഗ്യമാക്കൽ - പുനരുദ്ധാരണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-35 |
| 48 | പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതി - പുരോഗതി | 1-36 |
| 49 | ഹരിതകർമ്മസേന രസീത് സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ | 1-37 |
| 50 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭ്യമാക്കിയില്ല. | 1-38 |
| 51 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-39 |
| 52 | ജൽജീവൻ മിഷൻ | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.06.2025 ലെ 4(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 7.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തീയതി:07-11-2025 | ഡെപ്യൂട്ടി ഡയറക്ടർ |

## 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31-03-2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (84977202/-) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 15257156/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല.

## 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26-07-2011 ലെ ജി.ഒ (എം.എസ്)152/2011/തസ്വഭവ- ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01-04-2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 8.09 കോടി മൂല്യമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഷെഡ്യൂളിൽ ചെലവുകൾ ക്രമീകരിച്ചില്ല

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷത്തെ അതേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സാംസ്കാരിക നിലയം നിർമ്മാണം ഉൾപ്പെടെ 31-03-2025 വരെ പാർട്ട് ബിൽ ചെലവുകൾ ബന്ധപ്പെട്ട ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത Prior Period ആയി

ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-5 വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ലൈസൻസ്, തൊഴിൽ നികുതി (ട്രേഡേഴ്സ്) എന്നിവയുടെ ഡിസിബി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യപത്രികയുമായുള്ള കൃത്യത പരിശോധിക്കാനായില്ല. വാടക ഡിസിബി വിവരങ്ങൾ രജിസ്റ്ററിലും വാർഷികധനകാര്യപത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-6 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ തൻവർഷ നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രിക B4 പ്രകാരം 13565867/- രൂപയും B17/ ബാങ്ക് ബുക്ക് പ്രകാരം 13557987/- രൂപയും ആണ്. 7880/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

### 1-1-7 കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിൽ നിലവിലുള്ള കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയുടെ നീക്കിയിരിപ്പിൽ തൻവർഷം ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുക കൂടി ഉൾപ്പെടുത്തിയതിനാൽ 5451/- രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു. അപാകത Prior Period ആക്കി ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

### 1-1-8 സർക്കാരിൽ നിന്ന് ലഭിക്കാനുള്ള Redumption ഇനത്തിലുള്ള തുകയുടെ മുന്നിരിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ല

31.3.24 ൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന Receivables Of Redemption തുക 5,668,016/- ആയിരുന്നു. തൻവർഷം എൽജിടിഎസ്സി അക്കൗണ്ടിലേക്ക് തിരികെ ലഭിച്ച Redemption തുക 3666339/- ആണ്. തൻവർഷം Redemption തുകയായി എൽജിടിഎസ്സി അക്കൗണ്ടിൽ നിന്നും പിടിച്ചത് 15986897/- ആണ്. (നിലവിൽ ഈ തുക തിരികെ ലഭിച്ചിട്ടുണ്ട്). മുൻവർഷം വരെയുള്ളതിൽ തിരികെ ലഭിക്കാനവശേഷിക്കുന്ന 2001677/- രൂപ ഉൾപ്പെടെ തൻവർഷ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 17988574/- രൂപയാണ്. മുൻവർഷങ്ങളിലെ Redemption ഇനത്തിൽ തിരികെ ലഭിക്കാനവശേഷിക്കുന്ന 2001677/- രൂപ 2023-24 വർഷത്തെ Redemption തുക തിരികെ ലഭിക്കാനവശേഷിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്തിന് ലഭിക്കേണ്ട പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-9 പഞ്ചായത്ത് Distress Relief Fund ഷെഡ്യൂളും അക്കൗണ്ടുകളും തമ്മിൽ വ്യത്യാസം

പഞ്ചായത്ത് Distress Relief Fund B-2 ഷെഡ്യൂൾ പ്രകാരം 17101/- രൂപയാണ്. B-17 ൽ നിലനിർത്തിയിട്ടുള്ള രണ്ട് അക്കൗണ്ടുകൾ Distress Relief Fund മായി ബന്ധപ്പെട്ടിട്ടുള്ളതായി കാണുന്നു. രണ്ട് അക്കൗണ്ടുളിലെ ആകെ തുക 14251/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

### 1-1-10 Beneficiary Contribution ശീർഷകത്തിലെ തൻവർഷ ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം Beneficiary Contributions 381458/- രൂപയാണ്. മുൻവർഷത്തെ നീക്കിയിരിപ്പായ 96075/- രൂപ ഉൾപ്പെടെയുള്ള തുകകളിൽ നിന്ന് തൻവർഷം ചെലവുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിച്ചില്ല. തുകകൾ Prior Period ആയി ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

### 1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

B -9 ഷെഡ്യൂൾ പ്രകാരം സർക്കാരിലേക്ക് തിരികെ അടവാക്കേണ്ട CGST, SGST, ലൈബ്രറി സെസ് തുകകളും വാറ്റ് (15315/-), ഓഡിറ്റ് റിക്കവറി- 800/-, ഫ്ലഡ് സെസ്- 22229/-, Value Of Court Fee Stamp-12030/-, Government And Other Dues Payable-others (27094), Refund Of Unutilised Grants-prior Period-186310/- നിലവിലും അവശേഷിക്കുന്നുണ്ട്. ആയത് സംബന്ധിച്ച കൃത്യത Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചില്ല. സർക്കാരിലേക്ക് അടവാക്കാനുള്ള മേൽ തുകകളുടെ കൃത്യത ഉറപ്പാക്കി തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-12 വാർഷിക ധനകാര്യപത്രികയിലെ ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

B-7 ഷെഡ്യൂളിലെ Bidders EMD, Deposit Received For Halls And Auditoriums തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 14/02/2024 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14/03/2025 ലെ 3/1 -ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 35995880/- | 57522662/- |
| 2024-25 വരവ് | 282294902/- | 283581902/- |
| ആകെ വരവ് | 318290782/- | 341104564/- |
| 2024-25 ചെലവ് | 269340982/- | 290850849/- |
| നീക്കിയിരിപ്പ് | 48949800/- | 50253715/- |

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്റ്റിലെ 214 -(3)-ാം വകുപ്പ് പ്രകാരം ബജറ്റിലെ വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയലിൽ ഇപ്രകാരമുള്ള വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബജറ്റിന് ആധാരമായ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തേണ്ടതും, ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കി കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക 2024-25

| | |
|---|---|
| മുന്നിരിപ്പ് | 72,767,826 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,47,14,820 |
| ആകെ | 147,482,646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68518838 |
| നീക്കിയിരിപ്പ് (31/03/2025) | 78,963,808 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 185,650,109/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 170,145,723 |
| പ്രവർത്തന ലാഭം | 15,504,386 |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 403731 |
| അറ്റ പ്രവർത്തന ലാഭം | 15908117 |

ഓഡിറ്റ് പ്രത്യവലോകനം 2024-25

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,96,001/- |

## 1-4 ഗ്രാന്റ് വിനിയോഗം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ തൻവർഷം പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്- ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 19858410/- | 19858410/- | 19790375/- | 68035/- | 99.66 |
| വികസന ഫണ്ട്- SCP | 0 | 4297000/- | 4297000/- | 4277292/- | 19708/- | 99.54 |
| വികസന ഫണ്ട്- TSP | 0 | 103000/- | 103000/- | 103000/- | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | *1889734/- | 3380413 +259696 (പലിശ) = 3640109/- | 5529843/- | 1983938/- | 3545905/- | 35.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3691122 ട്രഷറി ആകെ | 8006500/- + 4453425/- =12459925/- | 11697622/- 4453425/- -------------- 16151047/- | 1677660 + 2745942 = -------------- 4423602/- | **11727445/- | 27.39 |
| മെയിന്റനൻസ് ഗ്രാന്റ്- (നോൺ റോഡ്) | 0 | 4873000 | 4873000 | 3430938 | 1442062 | 70.41 |
| മെയിന്റനൻസ് ഗ്രാന്റ്- (റോഡ്) | 0 | 11123000 | 11123000 | 9139115 | 1983885 | 82.16 |
| ICDS ഫണ്ട് | 2302661 | 2672606 | 4975267 | 1000188 | 3975079 | 20.10 |
| ശുചിത്വ മിഷൻ | 2200859 | 0 | 2200859 | 7225 | 2193634 | 0.33 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത ഫണ്ട് | 32000/- | 0 | 32000/- | 0 | 32000/- | 0 |
| TSC ഫണ്ട് | 25,047/- | 0 | 25,047/- | 0 | 25,047/- | 0 |
| ആയുഷ് ഗ്രാന്റ് | 459192/- | 0 | 459192/- | 0 | 459192/- | 0 |
| ആരോഗ്യ ഗ്രാന്റ് Dignostic Infra | 1074335/- | 479662/- | 1553997 | - | 1553997/- | 0 |
| ആരോഗ്യ ഗ്രാന്റ് Wellness Centre | 100313/- | 697004/- | 797317/- | 92963/- | 704354/- | 11.66 |
| ഖരമാലിന്യ സംസ്കരണ ഫണ്ട് | 335174/- | 0 | 335174/- | 0 | 335174/- | 0 |
| Life State Share | 406822/- | 800000 | 1206822 | 900000 | 306822 | 74.58 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ്-ഇനം | സംസ്ഥാന ബജറ്റ് അലോട്ട്-മെന്റ് | ആകെ ലഭിച്ച അലോട്ട്-മെന്റ് | സ്രോത-സ്സിൽ കുറവ് ചെയ്ത തുക (ജി.ഒ. പ്രോജക്ട് നം/തുക) | ആകെ അറ്റ അലോട്ട്-മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്- General | 19858410/- | 19858410/- | 444/25-235500/-, 446/25-235500/-, 443/25-1664400/- | 17723010/- |
| വികസന ഫണ്ട്- എസ് സി പി | 4297000/- | 4297000/- | 445/25-77296/-, 447/25-77296/- | 4142408 |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

2. ധനകാര്യ കമ്മീഷൻ (അൺടൈഡ്) മുൻവർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. മുൻറിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന 383331/- രൂപയുടെ വ്യത്യാസം തൻവർഷം ക്രമീകരിച്ചിട്ടുള്ളതാണ്.

3. ധനകാര്യ കമ്മീഷൻ (ടൈഡ്) ഫണ്ടിനത്തിൽ മുൻവർഷത്തെ അൺസ്പെന്റ് തുക ട്രഷറിയിൽ ലഭിച്ചത് (2226713+2226712) പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ 1707483/- രൂപ നഷ്ടമായിട്ടുണ്ട്. ആയത് കുറച്ചുള്ള തുകയാണ് ബാങ്ക് അക്കൗണ്ടിലും ബി 4 ഷെഡ്യൂളിലും (10019962/-) നിലനിൽക്കുന്നത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25 ) പാമ്പാടി ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 24-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 109 സ്പിൽഓവർ പ്രോജക്ടുകളും 222 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 331 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ-കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ-ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാ-ത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ട് ശതമാനം |
|---|---|---|---|---|---|
| 331 | 15,48,18,412 | 217 | 6,85,49,427 | 114 | 65.5% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി

രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 11-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 12-12-2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 23-12-2023 |
| വികസനസെമിനാർ | 25-01-2024 |

പദ്ധതിനിർവ്വഹണം

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് വളരെ ഫലപ്രദമായി മികവുറ്റ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. എങ്കിലും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിരുന്നില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റ് 70.41% മാത്രമാണ് ചെലവഴിച്ചത്. അംഗീകാരം ലഭിച്ച 331 പ്രോജക്ടുകളിൽ 217 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 6,85,49,427/- രൂപയാണ്. ചെലവ് 44.27%. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും നടപ്പാക്കാത്തതും ലഭ്യമായ മെയിന്റനൻസ് ഗ്രാന്റിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലം വളരെയധികം പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോ-ദ്യോഗസ്ഥർ | തയ്യാറാ-ക്കിയ പ്രോജക്റ്റു-കളുടെ എണ്ണം | നടപ്പാ-ക്കിയ പ്രോജക്റ്റു-കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 12 | 12 | 20,75,411/- | 17,68,593/- | 85.21 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 12,09,950/- | 11,37,068/- | 93.9 |
| 3. | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 13 | 10 | 38,80,406/- | 16,70,917/- | 43.06 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 2,00,000/- | 1,99,920/- | 99.9 |
| 5. | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 4 | 4 | 11,50,537/- | 11,50,470/- | 99.9 |
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1,60,000/- | 64,000/- | 40 |
| 7. | വിഇഒ- 1 | 12 | 11 | 98,00,335/- | 74,53,365/- | 76.05 |
| 8 | വിഇഒ- 2 | 11 | 10 | 2,47,53,470/- | 74,06,580/- | 29.9 |
| 9 | ഐസിഡിഎസ് സൂപ്പർവൈസർ | 12 | 9 | 82,84,270/- | 55,93,211/- | 67.5 |
| 10 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 3 | 35,00,000/- | 22,20,808/- | 63.45 |
| 11 | സെക്രട്ടറി | 58 | 34 | 3,22,68,964/- | 84,43,046/- | 26.16 |
| 12 | അസി. എഞ്ചിനീയർ | 183 | 101 | 6,45,19,689/- | 2,88,97,851/- | 44.78 |
| 13. | ഹെഡ്മാസ്റ്റർ | 6 | 6 | 9,15,980/- | 7,99,930/- | 87.3 |
| 14. | അസി. സെക്രട്ടറി | 10 | 10 | 20,99,400/- | 17,43,668/- | 83.05 |
| | ആകെ | 331 | 217 | 15,48,18,412/- | 6,85,49,427/- | 44.27 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ പ്രൊജക്ടുകൾക്കായി 26% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ പ്രോജക്ടുകളിലൂടെ ആകെ 44% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 183 പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും 101 എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 52.21ലക്ഷംരൂപ

സർക്കാർ ഗ്രാന്റുകളെല്ലാം തന്നെ 100%ചെലവ് കൈവരിച്ചുവെന്നത് പദ്ധതി നിർവ്വഹണത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ മാത്രമാണ് വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്- ഇനം | ലാപ്സായ തുക | % |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 68035/- | 99.66 |
| വികസന ഫണ്ട്-SCP | 19708/- | 99.54 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1707483/- | 27.39 |
| മെയിന്റനൻസ് ഗ്രാന്റ്- (നോൺ റോഡ്) | 1442062 | 70.41 |
| മെയിന്റനൻസ് ഗ്രാന്റ്- (റോഡ്) | 1983885 | 82.16 |
| ആകെ | 52,21,173 | |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതാത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുമായി ബന്ധപ്പെട്ട് പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ പഞ്ചായത്ത് കമ്മിറ്റിയുടെ 15-12-23-ലെ യോഗതീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി {അജണ്ട- 4(1)}. തൻവർഷം ആവിഷ്കരിച്ച പ്രവൃത്തികളുടെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ സ്വഭാവം | പ്രവൃത്തികൾ | എണ്ണം | ആകെ തൊഴിൽ ദിനങ്ങൾ | വകയിരുത്തിയ തുക (₹) |
|---|---|---|---|---|---|
| 1 | പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ | മഴക്കുഴി നിർമ്മാണം, നീർത്തടങ്ങളിൽ കല്ലുകയ്യാല നിർമ്മാണം, തോട് പുനരുദ്ധാരണവും ലൂസ് ബോർഡർ ചെക്ക് ഡാം നിർമ്മാണവും, റോഡിന്റെ വശങ്ങളിൽ വൃക്ഷത്തെ വെച്ച് പിടിപ്പിക്കൽ മുതലായവ | 86 | 44,736 | 1,50,77,688 |
| 2 | സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | കിണർ, കുളം നിർമ്മാണം, റീചാർജ് പിറ്റ്, തീറ്റപ്പുൽക്കൃഷി വികസനം, ലൈഫ് ഭവന നിർമ്മാണം, കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ് പിറ്റ്, സോക്ക്പിറ്റ് നിർമ്മാണം മുതലായവ | 476 | 9,424 | 1,09,87,437 |
| 3 | സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ | എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്ക് വർക്ക് ഷെഡ് നിർമ്മാണം | 1 | 80 | 1,06,650 |
| 4 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ | റോഡ്/നടപ്പാത കോൺക്രീറ്റീംഗ്, ഗവ. സ്കൂളുകൾക്ക് കളിസ്ഥലം നിർമ്മാണം, ഗ്രാമീണചന്ത, അങ്കൻവാടി നിർമ്മാണം, മുതലായവ | 56 | 1544 | 47,88,345 |
| | ആകെ | | 619 | 55784 | 30960120 |

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 20 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം 88 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 619 പ്രോജക്ടുകളിൽ 97 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിച്ചിരുന്നു. ആയതിൽ 31 പ്രോജക്ടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പൊതു അടിസ്ഥാനസൗകര്യങ്ങൾ എന്ന ലക്ഷ്യം മുൻനിർത്തി 1,06,650/- രൂപ അടങ്കലിൽ എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്ക് വർക്ക് ഷെഡ്നിർമ്മാണം എന്ന പ്രവൃത്തി വിഭാവനം ചെയ്തിരുന്നെങ്കിലും നടപ്പിലാക്കിയില്ല. 31,274 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 490 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കുടുംബങ്ങൾക്ക് ലഭിച്ച തൊഴിൽദിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലഭിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | കുടുംബ-ങ്ങളുടെ എണ്ണം |
|---|---|---|
| 1 | 100 | 147 |
| 2 | 80-99 | 67 |
| 3 | 70-79 | 42 |
| 4 | 60-69 | 36 |
| 5 | 50-59 | 29 |
| 6 | 50 ൽ താഴെ | 169 |

| | |
|---|---|
| ആകെ | 490 |

പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 3606.5 | Skilled Labour (DBT) | 503906 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1811314 | Unskilled Labour (DBT) | 10552348 |
| ഇ എഫ് എം എസ് വരവുകൾ | | Material (DBT) | 740006 |
| Skilled Labour | 503906 | ആകെ ഇ എഫ് എം എസ് ചെലവുകൾ | 11796260 |
| Unskilled Labour | 10552348 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ (Own Fund)) | |
| Material | 740006 | ശമ്പളം | 1315512 |
| ആകെ ഇ എഫ് എം എസ് വരവ് | 11796260 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 9164 |
| പലിശ വരവ് | 8907 | മറ്റുള്ളവ (സോഷ്യൽ ഓഡിറ്റ് ) | 900 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1324676 | പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ക്രമീകരിച്ചത് | 1822927 |
| | | നീക്കിയിരിപ്പ് | 0.50 |
| ആകെ | 14944763.50 | ആകെ | 14944763.5 |

2024-25 വർഷം തൊഴിലുറപ്പ് പദ്ധതിയുടെ 1.18 കോടി രൂപയുടെ പദ്ധതി ചെലവിൽ സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ലാത്തതാണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 01.04.2024 ൽ തിരികെ നൽകാനുള്ള മുൻകൂർ | 21,26,554 |
| 2024-25 വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് മുൻകൂർ എടുത്ത തുക. | 1324676 |
| ആകെ | 34,51,230 |
| 2024-25 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ക്രമീകരിച്ച മുൻകൂർ | 1822927 |
| 31.03.2025 പ്രകാരം തിരികെ നല്കാനുള്ള മുൻകൂർ | 16,28,303 |

കാഷ് ബുക്ക് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തേണ്ടതും മുൻകൂർ ക്രമീകരിക്കാനുള്ള തുക തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി തുടർവർഷം തന്നെ ക്രമീകരിക്കേണ്ടതുമാണ്.

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

2024-25 വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി 7.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ-ക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1440/- | 1 |
| വാർദ്ധക്യകാല പെൻഷൻ | 52031100/- | 3452 |
| കർഷക തൊഴിലാളി പെൻഷൻ | 3410400/- | 204 |
| വിധവാ പെൻഷൻ | 16261700/- | 1023 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 680000/- | 36 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4455400/- | 288 |
| ആകെ | 76840040/- | 5004 |

1-8 ക്യാഷ് വേരിഫിക്കേഷൻ

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-09-2025 തീയതിയിൽ 03:00 PM ന് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് പരിശോധനയിൽ ₹37,204/- (മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി നാലു രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2022 | 07/2021 - 03/2022 | 25/10/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/09/2023 - 29/09/2023 | 01/04/2018 മുതൽ 31/03/2023 വരെ | AMG-I/(HQ)/III/C-3/GP/8A-55/2023-24/ 229 തീയതി- 31/10/2023 |

1-11 നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 1.55 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ്, Advance To Other Authorised Agencies (നിർവ്വഹണ ഏജൻസി ഏതാണെന്ന് രജിസ്റ്ററുകളിൽ നിന്നും വ്യക്തമല്ല) എന്നീ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന 15546310/- രൂപ നിലവിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുക ചെലവഴിക്കുകയോ/ക്രമീകരിക്കുകയോ ചെയ്യാതെ AFS പ്രകാരം 01.04.2024 ലും മുന്നിരിപ്പായി നിലനിൽക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഏജൻസി | മുന്നിരിപ്പ് നിക്ഷേപം |
|---|---|
| കെ.എസ്.ഇ.ബി. | 8145790/- |
| ഭൂജല വകുപ്പ് | 4610520/- |
| കേരള വാട്ടർ അതോറിറ്റി | 3500000/- |
| Advance To Other Authorised Agencies | 100000/- |
| 2024-25 ലെ മുന്നിരിപ്പ് | 15546310/- |

മേൽ തുകകൾ ഏത് കാലയളവിൽ ഏതെല്ലാം പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചതെന്ന് രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. നാളിതു വരെയായി പ്രസ്തുത പ്രവൃത്തികൾ നിരീക്ഷിച്ച് പൂർത്തികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാതെയും ക്രമീകരിക്കാതെയും തുടരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/16.9.25) മറുപടി ലഭ്യമായില്ല. പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ച് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുകയും ഏജൻസികളിൽ നിന്ന് ധന വിനിയോഗവിവരവും പ്രോജക്ട് ലക്ഷ്യപ്രാപ്തിയുടെ വിവരവും ലഭ്യമാക്കിയ ശേഷം നിക്ഷേപങ്ങൾ ആസ്തി അല്ലെങ്കിൽ ചെലവായി വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കേണ്ടതുമാണ്. നിർവ്വഹണ ഏജൻസികൾ പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യമുണ്ടെങ്കിൽ തുക തിരികെ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-12 കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത

ഗ്രാമപഞ്ചായത്തിൽ 05-04-2023 ലെ സ.ഉ. (അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വിവിധ ഉപയോഗക്രമങ്ങളും വസ്തുനികുതി നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം - സ്വന്തം താമസത്തിന്

ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ.വരെയുള്ളവ , 300 ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് യഥാക്രമം 8/-, 12/- എന്നിങ്ങനെയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം (8/8/23 ലെ 3/1 ലെ വിജ്ഞാപനം) ചെയ്തിട്ടുള്ളത്. വസ്തുനികുതി പരിശോധനയിൽ 300 ച.മീറ്ററിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ 300 ച.മീറ്ററിൽ താഴെ എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു. (2024-25 ൽ വസ്തുനികുതി അടിസ്ഥാന നിരക്കിൽ 5% വർദ്ധനവ് കൂടി ഉൾപ്പെടുന്നു.)

| ക്രമ നം | കെട്ടിട നം., ഉടമയുടെ പേര്, നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി ച.മീറ്ററിന് 8.4 നിരക്കിൽ (ഇളവുകളും വർദ്ധന-വുകളും സേവന ഉപ നികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | നിർണ്ണയി-ക്കേണ്ടത് ച.മീറ്ററിന് 12.6 നിരക്കിൽ (ഇളവുകളും വർദ്ധന-വുകളും സേവന ഉപ നികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | വസ്തു നികുതി-യിലെ കുറവ്, നികുതി നിർണ്ണ-യിച്ച തീയതി |
|---|---|---|---|---|---|
| 1 | 1/102 D, സിബി പി തോമസ്, പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ.വരെയുള്ളവ | 330.11 | 330.11*8.4= 2773, മേഖല ഇളവ് 10%-277.3, വഴി സൗകര്യം വർദ്ധനവ് 20%-554, ലൈബ്രറി സെസ്-153 ആകെ-3203 | 330.11*12.6= 4159, മേഖല ഇളവ് 10%-416, വഴി സൗകര്യം വർദ്ധനവ് 20%-832, ലൈബ്രറി സെസ്- 229 ആകെ-4804 | 1601/-, 22/05/2024 |
| 2 | 4/401 A, ബേബി എന്ന മാത്യു, പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. വരെയുള്ളവ | 368.33 | 368.33*8.4= 3094, വഴി സൗകര്യം വർദ്ധനവ് 20%-619, തറ നിർമ്മിതി വർദ്ധനവ് 15% -464 ലൈബ്രറി സെസ്-209 ആകെ-4386 | 368.33*12.6= 4641, വഴി സൗകര്യം വർദ്ധനവ് 20%-928, തറ നിർമ്മിതി വർദ്ധനവ് 15% -696 ലൈബ്രറി സെസ്-313 ആകെ-6578 | 2192, 6.9.24 |
| 3 | 8/382 B, കോരുള ഐസക്ക്, പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. വരെയുള്ളവ | 345.87 | 345.87*8.4= 2905, വഴി സൗകര്യം വർദ്ധനവ് 20%-581, ലൈബ്രറി സെസ്-175 ആകെ-3661 | 345.87*12.6= 4358, വഴി സൗകര്യം വർദ്ധനവ് 20%-872, ലൈബ്രറി സെസ്-261 ആകെ-5491 | 1830, 6.5.24 |
| ആകെ | | | | | 5623/- |

ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/1.8.25) നികുതി പുനർനിർണ്ണയിച്ചതായി രേഖകൾ സഹിതം

മറുപടി ലഭിച്ചു. പുതുക്കിയ വസ്തു നികുതി അരിയർ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങൾക്കും നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു.

ഗ്രാമപഞ്ചായത്തിൽ 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ, 300 ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് യഥാക്രമം 8/-, 12/- എന്നിങ്ങനെയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിന് 300 ച.മീ.വരെയുള്ളവ, 300 ച.മീ. മുകളിലുള്ളവ എന്നിവയ്ക്ക് ച.മീറ്ററിന് യഥാക്രമം 70/-, 75/- എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. താഴെപ്പറയുന്ന കെട്ടിടങ്ങൾ റസിഡൻഷ്യൽ ഫ്ലാറ്റുകളും അപ്പാർട്മെന്റുകളുമായി നിർമ്മിച്ച് വാടകയ്ക്ക് നൽകാനായി നിർമ്മിച്ചിട്ടുള്ളതും പ്രത്യേക പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുന്നതുമാണെന്ന് ടി കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രം അനുവദിക്കാവുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ വസ്തു നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി കാണുന്നു. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു. (2024-25 ലെ 5% നികുതി വർദ്ധനവ് കൂടി കണക്കാക്കിയാണ് നിലവിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമനം | കെട്ടിട നം., ഉടമയുടെ പേര്, നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി (ഇളവുകളും വർദ്ധനവുകളും സേവന ഉപനികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | നിർണ്ണയി-ക്കേണ്ടത് ച.മീറ്ററിന് 42 നിരക്കിൽ (ഇളവുകളും വർദ്ധനവുകളും സേവന ഉപനികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | നികുതിയിലെ കുറവ്, നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|
| 1 | 4/558D (83.37ച.മീ.), 4/558E (73 ച.മീ.), അനിലാകുമാരി പി.എൻ., പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. വരെയുള്ളവ | 83.37, 73 ആകെ-156.37 | 156.37 X 8.4 = 1314, മേഖല ഇളവ് 10%- 131 വഴി- 20% വർദ്ധനവ്- 262, ലൈബ്രറി സെസ്- 72<br>ആകെ- 1517/- | 156.37 X 73.5 = 11493, മേഖല ഇളവ് 10%- 1149, വഴി-20% വർദ്ധനവ്- 2299, ലൈബ്രറി സെസ്- 632<br>ആകെ- 13275/- | 11758/-, 26.3.25 |
| 2 | പി.എ.വർഗീസ്, 5/36B (125.35ച.മീ.), 5/36C (145.06 ച.മീ.), 5/36D (161.19 ച.മീ.), 5/36E (96.92 ച.മീ.), 5/36F (125.97 ച.മീ.), പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. ൽ മുകളിലുള്ളവ | ആകെ-654.49 | 654.49 X 12.6 = 8247, വഴി-20% വർദ്ധനവ്-1649, ലൈബ്രറി സെസ്- 495<br>ആകെ- 10391/- | 654.49 X 78.75 = 51541,<br>വഴി- 20% വർദ്ധനവ്- 10308, ലൈബ്രറി സെസ്- 3092<br>ആകെ- 64941/- | 54550/-, 10.10.24 |
| 3 | ഷിബു സ്കറിയ , 5/83A (141.54ച.മീ.), 5/83 B (85.41ച.മീ.), 5/83C (85.41 ച.മീ.), 5/83D (85.41 ച.മീ.), 5/83E (102.36 ച.മീ.), പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. വരെയുള്ളവ | ആകെ-500.13 | 500.13 X 8.4 = 4201, ലൈബ്രറി സെസ്- 210<br>ആകെ- 4411/- | 500 X 78.75 = 39385, ലൈബ്രറി സെസ്- 1969<br>ആകെ- 41354/- | 36943/-, 30.3.25 |
| 4 | രാജൻ വർഗീസ്, 6/130A (79.66ച.മീ.), 6/130B (79.66 ച.മീ.), 6/130C (94.7 ച.മീ.), 6/130D (110.87 ച.മീ.), പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. ൽ മുകളിലുള്ളവ | ആകെ-364.89 | 364.89 X 12.6 = 4598, വഴി- 20% വർദ്ധനവ്- 920, ലൈബ്രറി സെസ്- 276,<br>ആകെ- 5794/- | 364.89 X 78.75 = 28735,<br>വഴി- 20% വർദ്ധനവ്- 5747, ലൈബ്രറി സെസ്- 1724,<br>ആകെ- 36206/- | 30412/-, 24.6.24 |
| 5 | ശോഭാ സുരേഷ്, 16/236K (115.28 ച.മീ.), | ആകെ- | 419.41 X 12.6 = 5285, | 419.41 X 78.75 = | 26217/-, 26.9.24 |

| | | | | | |
|---|---|---|---|---|---|
| | 16/236L (109.65 ച.മീ.), 16/236M (92.11 ച.മീ.), 16/236N (102.37 ച.മീ.), പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. ൽ മുകളിലുള്ളവ | 419.41 | മേഖല ഇളവ് 10%- 528<br>ലൈബ്രറി സെസ്- 238<br>ആകെ- 4995/- | 33029, മേഖല ഇളവ് 10%- 3303<br>ലൈബ്രറി സെസ്- 1486,<br>ആകെ- 31212/- | |
| 6 | നവീൻ ഇഞ്ചക്കാട്ട്, 19/114A (43.62ച.മീ.), 19/114B (43.62ച.മീ.), 19/114C (60.88 ച.മീ.), 19/114D (60.88 ച.മീ.), പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത് ) 300 ച.മീ. വരെയുള്ളവ | ആകെ- 209 | 209 X 8.4 = 1756,<br>വഴി- 20% വർദ്ധനവ്- 351,<br>ലൈബ്രറി സെസ്- 105,<br>ആകെ- 2212/- | 209 X 73.5 = 15362,<br>വഴി- 20% വർദ്ധനവ്- 3072,<br>ലൈബ്രറി സെസ്- 921,<br>ആകെ- 19355/- | 17143/-, 31.8.24 |
| | ആകെ | | | | 177023 |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും കെട്ടിട നികുതിയിനത്തിലുള്ള വരുമാന നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/18.9.25) A1 റെസിഡൻഷ്യലായാണ് മേൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചിരുന്നതെന്നും 1/4/23 ൽ നിലവിൽ വന്ന വസ്തുനികുതി നിരക്കുകൾ പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ A1 ഗണത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുമുള്ള മറുപടി അംഗീകരിക്കത്തക്കതല്ല. വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ നിശ്ചയിച്ച് വിജ്ഞാപനം ചെയ്ത പട്ടികയിൽ സ്വന്തം താമസാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് കുറഞ്ഞ നിരക്ക് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ നിരക്ക് ഉൾപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഉചിതമാർഗം സ്വീകരിച്ച്, ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ-നികുതി നിർണ്ണയിച്ചില്ല

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നം. വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 25 കൂടിയത് 45 എന്ന് നിരക്ക് നിശ്ചയിച്ചിട്ടുള്ളതും പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് 45 രൂപ ച.മീറ്ററിന് നിരക്ക് നിശ്ചയിക്കുകയും ചെയ്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സഞ്ചയ പ്രകാരം പ്രസ്തുത ഉപയോഗക്രമത്തിൽപ്പെട്ട നിർമ്മിതികൾക്കൊന്നും നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിൽ ഈ ഉപയോഗക്രമത്തിൽ പ്രവർത്തിച്ചു വരുന്ന GameX Arena Sports Hub,Game Town Pampady, Anns Swimming Academy എന്നിവയ്ക്ക് നികുതി നിർണ്ണയിച്ചിട്ടില്ലെന്നു കാണുന്നു. നികുതി നിർണയിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/20.9.25) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിലെ സമാനമായ മറ്റു നിർമ്മിതികളും പരിശോധിച്ച് നികുതി നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , 2024-25 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ കരാർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ലായെന്ന് കാണുന്നു. തൻവർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരുടെ പേരുകൾ |
|---|---|
| 1. | രാജൻ വർഗ്ഗീസ് |
| 2. | ടി ജെ ജോസഫ് |
| 3. | പ്രദീഷ് ജേക്കബ് എബ്രാഹം |
| 4. | ഫാസിയാ പി ഡി |
| 5. | ദിൽകൃഷ് വി ടി |
| 6. | അനു എ |
| 7. | വർഗ്ഗീസ് ആന്റണി |
| 8. | ജോമു പി ജേക്കബ് |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) ലെ വ്യവസ്ഥകൾക്ക് വിധേയമായി ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയതായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/19-09-2025) നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തേത് കുടിശികയായി Prior Period Profession Tax റവന്യൂ

ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ ഹാജരാക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2024-25 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ബി എസ് എൻ എൽ | 1, 2 |
| 2. | ശ്രീ മുരുകാ ലക്കി സെന്റർ | 1, 2 |
| 3. | ലത ഓട്ടോ മൊബൈൽസ് | 1, 2 |
| 4. | ഏഷ്യ സ്പൈസസ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 1, 2 |
| 5. | ഫ്ളോറാറ്റെക്സ് റബ്ബർ & പ്ലാസ്റ്റിക്സ് | 1, 2 |
| 6. | പാതാഴക്കുഴി, വെള്ളൂർ, ഇലകൊടിഞ്ഞി, മാന്തുരുത്തി, മൂലേക്കുന്നം കള്ള് ഷാപ്പുകൾ | 1, 2 |

2.ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ഇഞ്ചക്കാട്ടു ജുവൽ പാലസ് | 2 |
| 2. | ഹോട്ടൽ സംഗം | 2 |
| 3. | രാജധാനി ഫാഷൻ ജുവലറി | 1, 2 |
| 4. | ന്യൂ സ്വീറ്റ് പാലസ് ബേക്കറി | 1, 2 |
| 5. | ഇലകൊടിഞ്ഞി, മാന്തുരുത്തി, മൂലേക്കുന്നം കള്ള് ഷാപ്പുകൾ | 1, 2 |
| 6. | സപ്ലൈ കോ | 1, 2 |

പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/19.19.25) തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-17 കെട്ടിട വാടക - കുടിശ്ശിക/എഗ്രിമെന്റ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വാടക ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വാടകലൈസൻസ് എഗ്രിമെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

(1)ചില കുത്തകക്കാർ തൻവർഷം വാടകയും മുൻവർഷകുടിശ്ശികയും പൂർണമായി അടവാക്കിയിട്ടില്ലായെന്ന് കാണുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷത്തെ വാടക കുടിശ്ശിക 7,23,208/- രൂപയും മുൻവർഷ വാടക കുടിശ്ശിക 1,39526/- രൂപയും ചേർത്ത് ആകെ 8,62,734/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. നിലവിൽ കുടിശ്ശിക ഈടാക്കിയ ശേഷമുള്ള അവശേഷിക്കുന്ന പ്രധാന കുടിശ്ശികക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി-യുടെ വിവരം | വാടക-ക്കാരന്റെ പേര് | പ്രതി-മാസ വാടക (₹) | കുടിശിക തുക (₹)/ കാലയളവ് | മുൻ കുടി-ശ്ശിക (₹) | ആകെ (₹) |
|---|---|---|---|---|---|---|
| 1 | NSC 9 | വിനോദ് പി. ആർ. | 3696 | 44352 (04/24-03/25) | 0 | 44352 |
| 2 | NSC 10 | വിനോദ് പി. ആർ. | 2940 | 35280 (04/24-03/25) | 0 | 35280 |
| 3 | NSC 27-30 | സെക്രട്ടറി, ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി. | 4682 | 56184 (04/24-03/25) | 0 | 13953 |
| 4 | ATC 19 | ജോൺ എം. ഇ. | 5250 | 63000 (04/24-03/25) | 0 | 63000 |
| 5 | ATC 20 | രെതിക | 5250 | 63000 (04/24-03/25) | 0 | 68000 |
| 6 | ATC 32 | മീനുമോൾ ബാബു | - | - | 6000 | 6000 |
| 7 | MSS6 | പൊന്നമ്മ രാഘവൻ | - | - | 6948 | 6948 |

| | | | | | | |
|---|---|---|---|---|---|---|
| 8 | MSC26 | പ്രസാദ് എൻ. ജെ. | – | – | 19683 | 19683 |
| 9 | MSS10 | കെ.സി. വർഗ്ഗീസ് | 710 | 710 (03/2025) | 0 | 710 |
| ആകെ | | | | | 32631 | 257926 |

പ്രസ്തുത കുത്തകകാരിൽ നിന്നും കുടിശ്ശിക വാടക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.17/19.09.2025) നല്കിയതിന് വാടക കെട്ടിടത്തിലെ പ്രധാന കുടിശ്ശികക്കാരായ ക്രമനം (1), (2), (4), (5) എന്നിവരെ കടമുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും ഇവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ തുകയിൽ നിന്നും വരുമാന നഷ്ടം വരാത്തവിധം കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ബാക്കി കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

മേൽ കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പൂർണമായും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതും തുടർന്ന് കുത്തകക്കാരിൽ നിന്നും വാടക, കുടിശ്ശിക വരാതെ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(2)വാടകക്കാർ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട എഗ്രിമെന്റുകൾ പരിശോധിച്ചതിൽ എഗ്രിമെന്റുകളിൽ ലൈസൻസിയുടെ പേര്, മേൽവിലാസം, വാടകതുക, സെക്യൂരിറ്റി നിക്ഷേപം, ലൈസൻസിയുടെ ഒപ്പ്, സാക്ഷികളുടെ ഒപ്പ്, സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയ കോളങ്ങൾ പൂരിപ്പിക്കാതെ അപൂർണമായാണ് സൂക്ഷിച്ചിരിക്കുന്നത്. ഇങ്ങനെ അപൂർണമായി സൂക്ഷിക്കുന്ന എഗ്രിമെന്റുകൾ വാടകക്കാരുമായി നിയമാനുസൃത കരാറിലേർപ്പെടാത്തതായി കണക്കാക്കുന്നതിനാൽ എഗ്രിമെന്റുകൾ അപൂർണമായി സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം(നം.17/19.09.2025) നല്കുകയുണ്ടായി. എഗ്രിമെന്റുകളിലെ അപാകതകൾ പരിഹരിച്ച് കൃത്യമായി സൂക്ഷിക്കുന്നതാണെന്നും തുടർന്നുള്ള എഗ്രിമെന്റുകളിൽ ഈ അപാകതകൾ വരുത്താതെ സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു.

ലൈസൻസികൾ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട എഗ്രിമെന്റുകളിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 IFTE &OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ IFTE&OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ള താഴെപ്പറയുന്ന വ്യക്തികൾ 2024-25 വർഷം ലൈസൻസെടുത്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ മുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | MCS 1 | സൂര്യ മനോജ്, പുളിക്കച്ചിറ, സൗത്ത് പാമ്പാടി |
| 2 | MCS2 | മനോജ് പി.ജി., പുളിക്കച്ചിറ, സൗത്ത് പാമ്പാടി |
| 3 | MCS 4 | ഒ.വി.തോമസ്, ഒറ്റപ്ലാക്കൽ, പാമ്പാടി. |
| 4 | MCS 5 | ഡൊമിനിക് മാത്യു, കുഴിമറ്റത്തിൽ, അയർകുന്നം. |
| 5 | MCS 8 | പി.വി. തമ്പി, പ്രഭാശേരിൽ, പാമ്പാടി. |
| 6 | NSC 1 | അമ്പിളി കെ.റ്റി., കരിയത്രിക്കാവിൽ, സൗത്ത് പാമ്പാടി. |
| 7 | NSC 2 | കെ.എം.ചന്ദ്രബോസ്, ജോസി ഭവൻ, പാമ്പാടി. |
| 8 | NSC 3 | ടി.കെ.സാബു, തെക്കേൽ, മാലം. |
| 9 | NSC 4 | ജീനാ സാബു, തെക്കേൽ, മാലം. |
| 10 | NSC 14 | ഇ.കെ.കൃഷ്ണൻകുട്ടി, ജയകൃഷ്ണഭവനം, പാമ്പാടി |
| 11 | NSC 15 | നന്ദിനി ഗോപി, പേഴമറ്റം, പാമ്പാടി. |
| 12 | NSC 38 | പി.ഡി.വിജയൻ, പേഴമറ്റം, പാമ്പാടി. |
| 13 | NSC 40 | ശോശാമ്മ മാത്യു, കുന്നുകുഴിയിൽ, പാമ്പാടി. |
| 14 | NSC 41 | കെ.സി.വർക്കി, കന്നുകുഴിയിൽ, പാമ്പാടി. |
| 15 | NSC 42 | പി.വി.ബാബു, പുത്തൻപറമ്പിൽ, പാമ്പാടി |
| 16 | NSC 44 | സുനിൽ പി.ടി, കാട്ടുമറ്റം, പാമ്പാടി. |
| 17 | BSS 2 | വി.ടി.പ്രഭ , വട്ടമല, പാമ്പാടി. |
| 18 | BSS 4 | അബ്ദുൾ ഖാദർ, ഫാത്തിമ മൻസിൽ, ഏറ്റുമാനൂർ. |
| 19 | BSS 12 | പി.എം.റെജി, കുറിയന്നൂർകുന്നേൽ, പാമ്പാടി. |
| 20 | ATC 4 | സെൽവൻ സി, ശ്രീരംഗം, വയസ്കരകുന്ന്, കോട്ടയം. |
| 21 | ATC 7 | സി.എസ്.കൃഷ്ണൻകുട്ടി, ഇടവളഞ്ഞിയിൽ, സൗത്ത് പാമ്പാടി. |
| 22 | ATC 2, 3 | സനിൽ കുര്യൻ, കൊച്ചുപുരയ്ക്കൽ, തലപ്പാടി പി. ഒ. |

കൂടാതെ വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ ഹരിതമിത്രം പേർട്ടൽ പ്രകാരം പഞ്ചായത്തിൽ ആകെ 1112 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ (ലൈസൻസ് രജിസ്റ്ററിൽ തന്നെ ചില സ്ഥാപനങ്ങളുടെ പേര് 2 പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്) പ്രകാരം 633 സ്ഥാപനങ്ങൾ ആണ് ലൈസൻസെടുത്ത് പ്രവർത്തിക്കുന്നത്. ഇതിൽ നിന്നും ധാരാളം സ്ഥാപനങ്ങൾ ലൈസൻസ്

കൂടാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം(നം.27/20.09.2025) നല്കിയതിന് മേൽ സൂചിപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് കത്ത് നല്കി ലൈസൻസ് എടുപ്പിക്കുന്നതാണെന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്ന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുത്തവർപോലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ഫീൽഡ് തല പരിശോധനയുടെയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെയും പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാർഡടിസ്ഥാനത്തിൽ കൃത്യമായ ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അനിവാര്യമായ രേഖകളും അനുമതികളും സമർപ്പിച്ച് സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിഹാര നടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-19 ഓഡിറ്റ് ഇംപാക്ട് -അവധിയിലായിരുന്ന മെമ്പർക്ക് ഓണറേറിയം അനുവദിച്ചത് തിരികെ അടച്ചു

പാമ്പാടി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 18-06-2024 ലെ 7/1 നമ്പർ തീരുമാനപ്രകാരം 6-ാം വാർഡ് മെമ്പർ ശ്രീമതി. ഷെർളി തര്യൻ 24.06.2024 മുതൽ 24.09.2024വരെ അവധി ആവശ്യപ്പെട്ട് നൽകിയ അപേക്ഷ അംഗീകരിച്ച് മേൽ കാലയളവിൽ മെമ്പർക്ക് അവധി അനുവദിച്ചിരുന്നു. 1995 - ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളുടെ 3ബി ചട്ടത്തിനുള്ള ഭേദഗതി പ്രകാരം (SRO No 507/2012) അവധിയിലായിരിക്കുന്ന കാലയളവിൽ ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ അവധിയിലായിരുന്ന മേൽ കാലയളവിൽ ശ്രീമതി ഷെർളി തര്യന് ഓണറേറിയം അനുവദിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | കൈപ്പറ്റിയ തുക | വൗച്ചർ നം/ തിയ്യതി | അർഹമായ തുക |
|---|---|---|---|
| 6/2024 | 8000/- | 22400280/ 01.07.2024 | 6400/- (23 ദിവസത്തേക്ക്) |
| 7/2024 | 8000/- | 22400402/ 01.08.2024 | 0 |
| 8/2024 | 8000/- | 22400541/ 03.09.2024 | 0 |
| 9/2024 | 8000/- | 22400655/ 01.10.2024 | 1600/- (6 ദിവസത്തേക്ക്) |
| ആകെ | 32000/- | | 8000 |

അർഹതയില്ലാത്ത കാലയളവിൽ ഓണറേറിയം 24000/- (32000 - 8000) രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നം. 7/17.09.2025 നൽകിയതിനെ തുടർന്ന് 23-10-25ൽ R-G050704-25005076 നമ്പർ രസീത് പ്രകാരം 24000/-രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

1-20 ബസ് സ്റ്റാൻഡ് നവീകരണം -ഡിപിആർ തയ്യാറാക്കൽ- തുടർ പ്രവർത്തനങ്ങളിൽ പുരോഗതിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 150/25 |
| അടങ്കൽ | 6,61,017/- (തനത്ഫണ്ട്) |
| ചെലവ് | 3,53,442/- |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | സെക്രട്ടറി |

പാമ്പാടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ബസ്സ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി നവീകരണത്തിനായി 9കോടി രൂപ അടങ്കലിൽ പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ഡിപിആർ തയ്യാറാക്കുന്നതിനായിരുന്നു പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ഡിപിആർ തയ്യാറാക്കുന്നതിനായി ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞതുക (10ലക്ഷം ജിഎസ് ടി ഉൾപ്പടെ) ക്വാട്ട് ചെയ്ത TDLC( Thrissur District Labour Contract Co-op Society )യ്ക്ക് കരാർ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനം ഡിപിആർ തയ്യാറാക്കി സമർപ്പിക്കുകയും 2024-25വർഷം വരെ 6,92,425/- രൂപ നൽകുകയും ചെയ്തിരുന്നു. TDLC തയ്യാറാക്കി സമർപ്പിച്ച ഡിപിആർ ആർഐറ്റിയിൽ സൂക്ഷ്മപരിശോധന നടത്തിയിട്ടുമുണ്ട്. ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്വീകരിക്കുന്ന തുടർ നടപടികളും 2025-26വർഷം പ്രോജക്ട് തയ്യാറാക്കി ടെൻഡർ നടപടികൾ ആരംഭിച്ചിരുന്നോയെന്നതും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം13/18-9-25) മറുപടിയായി 2025-26 വർഷം 9കോടി രൂപ അടങ്കലായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും ലഭ്യമാകുന്ന ഫണ്ടിനെ സംബന്ധിച്ചുള്ള അവ്യക്തതയുള്ളതിനാൽ ഡിപിസി അംഗീകാരം ലഭിച്ചിരുന്നില്ലായെന്നും 2026-27 വർഷം തുടർ പ്രോജക്ട് രൂപീകരിക്കുന്നതാണ് എന്നുമറിയിച്ചിരുന്നു. ലഭ്യമാകുന്ന ഫണ്ട് സംബന്ധിച്ച് വ്യക്തത വരുത്താതെ ഇത്രയും ബൃഹത്തായ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ലക്ഷങ്ങൾ ചെലവഴിച്ച് ഡിപിആർ തയ്യാറാക്കുകയും ചെയ്തതിന് ശേഷം ഫണ്ട് ലഭ്യമാകാത്തതിനാൽ പ്രോജക്ട് അംഗീകാരം പോലും ലഭ്യമാകാതിരിക്കുന്ന സാഹചര്യം അഭിലഷണീയമല്ല. നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കാൻ വൈകുന്ന സാഹചര്യത്തിൽ ഡിപിആറിലെ എസ്റ്റിമേറ്റിലെ നിരക്കുകൾക്കനുസരിച്ച് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടാവാൻ സാദ്ധ്യത കാണുന്നു. ബസ് സ്റ്റാൻഡ് നവീകരണം ആരംഭിക്കാതിരുന്നാൽ ഡിപിആർ തയ്യാറാക്കാൻ ചെലവഴിച്ച തുക പാഴ് ചെലവായി മാറുന്ന സാഹചര്യവുമുണ്ട്. ബസ് സ്റ്റാൻഡ് നവീകരണം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 പിറ്റിഎം എൽപിസ്കൂളിന് കുഴൽക്കിണർ നിർമ്മാണം-ബാലൻസ് തുക തിരികെ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 243/25 |
| അടങ്കൽ | 1,00,000/- (CFC) |
| ചെലവ് | 90,000/- (ബിൽ നം. 659/31-3-25) |
| നിർവ്വഹണോ- | സെക്രട്ടറി |

| ദ്യോഗസ്ഥൻ | |
|---|---|

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി പിറ്റിഎം എൽപിസ്കൂളിന് കുഴൽക്കിണർ നിർമ്മാണത്തിനായി ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 90,000/-രൂപ അടവാക്കിയിരുന്നു. എന്നാൽ ഭൂജലവകുപ്പിന്റെ 23-7-25 ലെ GWK/201/25നം കത്ത് പ്രകാരം ജലലഭ്യത ഇല്ലായെന്ന് അറിയിക്കുകയും വിനിയോഗസാക്ഷ്യപത്രം പ്രകാരം 44835/-രൂപ ചെലവായതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബാലൻസ് തുകയായ 45165/-രൂപ GWDയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/18-9-25) മറുപടിയായി 45165/-രൂപ തിരികെ ലഭ്യമാക്കുന്നതിന് ഭൂജലവകുപ്പിന് കത്ത് നൽകുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഭൂജലവകുപ്പിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 എക്സൈസ് ഓഫീസിന് വാടക നൽകൽ- കോഓർഡിനേഷൻകമ്മറ്റി നിർദ്ദേശം പാലിച്ചിട്ടില്ല

| പ്രോജക്റ്റ് നം. | 20/25 |
|---|---|
| അടങ്കൽ | 5,59,,000/- (തനത് ഫണ്ട് ) |
| ചെലവ് | 5,16,000/- |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | സെക്രട്ടറി |

പാമ്പാടി ഗ്രാമ പഞ്ചായത്ത് എക്സൈസ് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന സർവ്വെ നമ്പർ 527/14 നമ്പരിലുള്ള 15.62 ആർ സ്ഥലവും ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടവും ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി 29.08.1992 ലെ 358/92 നമ്പർ ഉത്തരവ് പ്രകാരം പാമ്പാടി ഗ്രാമ പഞ്ചായത്തിന് കൈമാറുകയുണ്ടായി. എക്സൈസ് റേഞ്ച് ഓഫീസിനുവേണ്ടി പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ സ്ഥലം കണ്ടെത്തി എക്സൈസ് വകുപ്പ് രൂപ കൽപ്പന ചെയ്യുന്ന രീതിയിൽ അനുയോജ്യമായ കെട്ടിടം ഉത്തരവ് തിയതി മുതൽ ഒരു വർഷത്തിനുള്ളിൽ നിർമ്മിച്ച് നൽകണമെന്നും ആയത് വരെ കെട്ടിടം വാടകയ്ക്ക് എടുത്തു നൽകണമെന്ന വ്യവസ്ഥയിൽ ഗ്രാമ പഞ്ചായത്തും എക്സൈസ് വകുപ്പും തമ്മിൽ 7/02/1994-ാം തിയതി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്തിന് നാളിതുവരെ സാധിച്ചിരുന്നില്ല.

എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമാണെന്ന് എക്സൈസ് ഇൻസ്പെക്ടർ കണ്ടെത്തിയ കെട്ടിടങ്ങളിൽ ശ്രീ അനിൽ കെ കുര്യൻ, കിഴക്കേമറ്റത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/265 ബി നമ്പർ കെട്ടിടം തിരഞ്ഞെടുക്കുകയും പ്രതിമാസം 21500/- രൂപ വാടക നിശ്ചയിച്ചിട്ടുമുള്ളതാണ്. 2023ഏപ്രിൽ മുതലുള്ള വാടക ഒടുക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നെങ്കിലും ഡിപിസി അംഗീകാരം ലഭിച്ചിരുന്നില്ല. പാമ്പാടി ഗ്രാമ പഞ്ചായത്തിൻറെ അപേക്ഷ പരിഗണിച്ച് വാടക കുടിശ്ശിക അനുവദിക്കുന്നതിനും രണ്ട് വർഷത്തേയ്ക്ക് കൂടി കരാർ പുതുക്കുന്നതിനും 13.08.2024 ലെ 4.1.5 നമ്പർ തീരുമാന പ്രകാരം കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.. രണ്ട് വർഷത്തിനകം സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകണമെന്ന കർശനനിർദ്ദേശത്തോടെയായിരുന്നു കോർഡിനേഷൻ കമ്മറ്റി വാടക തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകിയിരുന്നത്. കോർഡിനേഷൻ കമ്മറ്റി നിർദ്ദേശപ്രകാരം സ്ഥലം കണ്ടെത്തി നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിരുന്നോയെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം13/18-9-25) മറുപടിയായി 2025-26 വർഷം എക്സൈസ് ഓഫീസിന് സ്ഥലം വാങ്ങലിനും കെട്ടിടനിർമ്മാണത്തിനും പ്രോജക്റ്റ് ആവിഷ്ക്കരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. കോ-ഓർഡിനേഷൻ കമ്മറ്റി നിർദ്ദേശം ലഭ്യമായിട്ട് ഒരുവർഷത്തിന് ശേഷവും നടപടികളിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഒരുവർഷം കൂടി കഴിഞ്ഞ് വാടക തനത് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ എക്സൈസ് വിഭാഗം നിയമനടപടികളിലേയ്ക്ക് കടക്കാനുള്ള സാഹചര്യവുമുണ്ട്. സ്ഥലം കണ്ടെത്തി കെട്ടിടനിർമ്മാണം നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ- വാട്ടർ അതോറിറ്റി അനുവദിച്ച 9.34 കോടി രൂപ ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

പാമ്പാടി ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള റോഡ് റിസ്റ്റോറേഷൻ വർക്കുകൾക്ക് 26/10/2023ലെ Go(Rt)No:897/2023/WRD ഉത്തരവ് പ്രകാരം 93401000/- രൂപ അനുവദിച്ചിട്ടുണ്ട്. പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുള്ളതും റിസ്റ്റോറേഷൻ ആവശ്യമായതും ആയ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ടെൻഡർ ഇടുന്നതിനും നിർവ്വഹണം നടത്തുന്നതിനും അസിസ്റ്റന്റ് എഞ്ചീനിയർ, എൽ എസ് ജി ഡി യെ ഐകകണ്ഠേന ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള റോഡ് റെസ്റ്റോറേഷൻ വർക്കുകൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചിരുന്നുവെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/17-9-25) വാർഡ് തിരിച്ച് റിസ്റ്റോറേഷൻ ചെയ്യാനുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ ടി വർക്കുകൾക്ക് ടെൻഡർ, റീടെൻഡർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ലായെന്നും മറുപടി നൽകി. പഞ്ചായത്തിലെ പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് നിർമ്മാണപ്രവർത്തികൾ നടപ്പാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും വിനിയോഗിച്ച് റോഡുകളുടെ റെസ്റ്റോറേഷൻ വർക്കുകൾ നടപ്പാക്കുകയും ചെയ്തിരുന്നു. വാട്ടർ അതോറിറ്റി അനുവദിച്ച ഫണ്ട് നേടിയെടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിരുന്നില്ല. അനുവദിച്ച ഫണ്ട് നേടിയെടുക്കാൻ സാധിക്കാതെ ഗ്രാമപഞ്ചാത്തിന് മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന തുകകൾ ചെലവഴിച്ചത് ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിഘാതമാകുന്ന സാഹചര്യമാണ്. ഓരോ വാർഡിലുമുള്ള റോഡുകൾക്ക് പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കാതെ ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലമാണ് കരാറുകാർ ടെൻഡറിൽ പങ്കെടുക്കാതിരുന്നതെന്ന് എക്സിറ്റ് മീറ്റിങ്ങിൽ അറിയിക്കുകയുണ്ടായി. പഞ്ചായത്തിലെ പൈപ്പ് ലൈൻ സ്ഥാപിച്ചതും റസ്റ്റോറേഷൻ വർക്കുകൾ അവശേഷിക്കുന്നതുമായ റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തിരമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുത്ത്

നടപ്പാക്കേണ്ടതും വാട്ടർ അതോറിറ്റി അനുവദിച്ച തുകകൾ നേടിയെടുക്കുന്നതിനും വാട്ടർ അതോറിറ്റി കുഴിച്ച റോഡുകളുടെ റസ്റ്റോറേഷൻ പ്രവൃത്തികൾക്കായി പഞ്ചായത്തിന് ചെലവായ തുക ക്രമീകരിച്ച് ലഭിക്കുന്നതിനും ഊർജ്ജിത ശ്രമങ്ങളുണ്ടാവേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 1-24 പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - കുടിശികയുടെ കൃത്യത വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് നം. | 65/25 |
| അടങ്കൽ | 4,36,776/- (തനത്ഫണ്ട് ) |
| ചെലവ് | 3,27,582/- |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 30 ടാപ്പുകളുടെ കുടിവെള്ളക്കരമായി പ്രതിമാസം 36398/- രൂപ വീതം വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തനത് ഫണ്ടിൽ നിന്നും 2024-25 വർഷം കൃത്യമായി അടവാക്കി വരുന്നുണ്ട്. പ്രോജക്റ്റ് അംഗീകാരം ലഭിച്ചതിന് ശേഷമുള്ള 9 മാസത്തെ വെള്ളക്കരമാണ് പ്രോജക്റ്റ് പ്രകാരം അടവാക്കിയിട്ടുള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ 2024 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശികയായി 2,49,243/-രൂപയും പിഴയിനത്തിൽ 4889/-രൂപയും ഉള്ളതായി കാണുന്നു. 2025 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം ടി കുടിശിക 2,89,919/- രൂപയായും 5664/- പിഴയുമുൾപ്പടെ 2,95,583/- രൂപ കുടിശികയുള്ളതായും കാണുന്നു. വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ 18-3-25 ലെ AB4/64/2012 നം കത്ത് പ്രകാരം കൃത്യമായ റിമാർക്സ് ഇല്ലാതെ ലഭ്യമായ 50645/- രൂപ 76746/- രൂപ എന്നിവ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ ലെഡ്ജറിൽ വകയിരുത്തുന്നതായും ഫൈൻ തുക ഒഴിവാക്കുന്നതായും അറിയിച്ചിരുന്നു. എന്നാൽ ടി കുറവ് ഡിമാന്റ് നോട്ടീസിൽ വാട്ടർ അതോറിറ്റി വരുത്തിയതായി കാണുന്നില്ല. മേൽ തുകകൾ കൂടാതെയുള്ള കുടിശികയുടെ കാരണം വിശദീകരിക്കേണ്ടതും ആയത് അടവാക്കാൻ നടപടി സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം13/18-9-25) മറുപടിയായി വെള്ളക്കരം അടച്ച തുകകൾ വരവ് വയ്ക്കുന്നതിനും കുടിശിക ഒഴിവാക്കുന്നതിനും വാട്ടർ അതോറിറ്റിയ്ക്ക് അറിയിപ്പ് നൽകി തുക ക്രമീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി അംഗീകരിച്ച തുകകൾക്ക് പുറമെയുള്ള കുടിശിക തുകയുടെ കൃത്യത വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിയ്ക്കേണ്ടതും ഒടുക്കാനുള്ള തുക അടവാക്കി പിഴ വർദ്ധിച്ച് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-25 മുൻകൂർ ചെലവഴിച്ച തുക ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ തീയതികളിൽ കിലയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിശീലന പരിപാടികൾക്കായി 45700/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. ടി തുകകൾ കിലയിൽ നിന്നും തിരികെ ലഭ്യമാകുന്നതാണ് എന്നും അറിയിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 22401008/22.01.2025 | 1500 |
| 22401013/23.01.2025 | 35700 |
| 22401014/31.01.2025 | 500 |
| 22401109/14.02.2025 | 2500 |
| 22401108/14.02.2025 | 5500 |
| ആകെ | 45700 |

മുൻകൂറായി നൽകിയ തുകകൾ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/17.09.2025 ന് തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി ചെലവഴിച്ച 45700/- രൂപ തിരികെ ലഭിക്കുന്നതിന് ബന്ധപ്പെട്ട ബില്ലുകളും, രേഖകളും കിലയിലേക്ക് അയച്ചു നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ ടി തുക പഞ്ചായത്തിന് ലഭ്യമായിട്ടില്ലെന്ന് മറുപടി നൽകി. മുൻകൂർ നൽകിയ തുക കിലയിൽ നിന്നും ഈടാക്കി റൂക്കപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-26 സ്ട്രീറ്റ് മെയിൻ വലിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട പ്രകാരം കെഎസ്ഇബിയിൽ നടത്തിയ നിക്ഷേപപ്രവർത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിക്ഷേപിച്ച തുക | ഏജൻസി |
|---|---|---|
| 67/25 സ്ട്രീറ്റ് മെയിൻ വലിക്കൽ | 2,,50,000/- (വികസന ഫണ്ട്-പൊതു വിഭാഗം) ബിൽ നം 26/7-2-25 | KSEB മീനടം |
| | 4,50,000/- (വികസന ഫണ്ട്-പൊതു വിഭാഗം) ബിൽ നം 30/28-2-25 | KSEB പത്തനാട് |
| ആകെ | 7,00,000/- | |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം13/18-9-25) പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നത് വരെ കെഎസ്ഇബിയിൽ നിക്ഷേപിച്ച 7,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പാമ്പാടി കൃഷി ഭവൻ - വൈദ്യുത കണക്ഷൻ - വാണിജ്യ സ്ഥാപനങ്ങളുടെ താരീഫിൽ

പാമ്പാടി കൃഷി ഭവന്റെ കറന്റ് ബിൽ, സ്റ്റേഷനറി മറ്റ് ഓഫീസ് ചെലവുകൾ (പ്രോജക്ട് നം.46/25) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് കൃഷി ഭവന്റെ കറന്റ് ബിൽ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വൈദ്യുതി കണക്ഷനുകൾക്ക് വാണിജ്യ ആവശ്യങ്ങൾക്ക് നൽകുന്ന LT VII A- Com താരിഫിലാണ് തുക ഈടാക്കി വരുന്നത് എന്ന് കാണുന്നു.
വൈദ്യുതി കണക്ഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നമ്പർ | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|
| 1 | 1156354008777/ സിംഗിൾ ഫേസ് | പാമ്പാടി |
| 2 | 1156350008779/ സിംഗിൾ ഫേസ് | |

കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 05/12/2024 ലെ നം. 427/ D(T)/2023/KSERC ഗസറ്റ് വിജ്ഞാപന പ്രകാരം (O.P 18/2023) തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗമായിട്ടുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കേണ്ടത് LT VI B താരിഫിലുള്ള വൈദ്യുതി നിരക്കുകളാണ്. വിജ്ഞാപന പ്രകാരമുള്ള മേൽ നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| LT - VI GENERAL (B) | | |
|---|---|---|
| Particulars | W.e.f 05.12.2024 To 31.03.2025 | W.e.f 01.04.2025 To 31.03.2027 |
| (A) Fixed Charge (Rs. Per KW Or Part There Of Per Month) | 110 | 115 |
| (B) Energy Charges (Rs/kWh) | | |
| (I) Of And Below 500 KWh (All Units) | 6.60 | 6.65 |
| (Ii) Above 500 KWh (All Units) | 7.25 | 7.30 |
| LT - VII COMMERCIAL (A) | | |
| Particulars | | W.e.f 05.12.2024 To 31.03.2027 |
| (A) Fixed Charge (Rs/ KW Or Part Thereof Per Month) | | |
| (I) | Single Phase | 95 |
| (Ii) | Three Phase | 190 |
| (B) Energy Charge (Rs Per Unit) (Non Telescopic) | | |
| (I) | 0 To 100 Units Per Month | 6.05 |
| (Ii) | 0 To 200 Units Per Month | 6.80 |
| (Iii) | 0 To 300 Units Per Month | 7.50 |
| (Iv) | 0 To 500 Units Per Month | 8.15 |
| (V) | Above 500 Units Per Month | 9.40 |

കണക്ഷനുകൾ തെറ്റായ താരിഫിലായതിനാൽ അധിക തുക വൈദ്യുതി ചാർജിനത്തിൽ നൽകേണ്ടി വരുന്നുണ്ട്. 1156350008779 നമ്പരിലുള്ള കണക്ഷന്റെ 23.07.2025 ൽ ലഭ്യമായ ബിൽ പ്രകാരം ശരാശരി ഉപഭോഗം 358 യൂണിറ്റാണ്. 300 യൂണിറ്റിൽ അധികമായതിനാൽ VII A താരിഫ് പ്രകാരം യൂണിറ്റിന് 7.50 പൈസ നൽകേണ്ടതുണ്ട്. VI B താരിഫിൽ ആണെങ്കിൽ 500 യൂണിറ്റ് വരെയുള്ള ഉപഭോഗത്തിന് യൂണിറ്റിന് 6.600 രൂപയാണ് (31.03.2025 വരെ) നിരക്ക്. നിലവിലെ താരിഫിൽ (VII A) ഉപഭോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുത്തനെ ഉയരുന്ന

സാഹചര്യം ഉണ്ട്. കൃഷി ഭവന്റെ വൈദ്യുതി കണക്ഷനിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (20/19.09.2025) താരിഫ് മാറ്റുന്നതിനു കെ.എസ്.ഇ.ബി. ക്കും കെട്ടിട ഉടമയായ പഞ്ചായത്ത് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വൈദ്യുതി കണക്ഷൻ LT VI B താരിഫിലിലേക്കു മാറ്റി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 വയോജന ടൂർ- സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം. | 115/25 |
| അടങ്കൽ | 1,25,000/- (വികസന ഫണ്ട്- പൊതു) |
| ചെലവ് | 1,25,000/- (ബിൽ നം. 23/20-3-25) |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വയോജനങ്ങൾക്ക് മാനസിക-ഉല്ലാസം നൽകുന്നതിന് വേണ്ടി വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ടൂർപോകുന്നതിന് വേണ്ടിയുള്ള പ്രോജക്ടായിരുന്നു ഇത്. പതിനാലാം പദ്ധതിയുടെ പദ്ധതി/ സബ്സിഡി മാർഗ്ഗരേഖ ഉത്തരവുകളിൽ ഒന്നും തന്നെ വയോജനക്ഷേമ പ്രോജക്ടുകളിൽപ്പെടുത്തി വിനോദ സഞ്ചാരത്തിന് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതിയുള്ളതായി കാണുന്നില്ല. ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയതെന്ന് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം21/20-9-25) മറുപടിയായി ഡിപിസി അംഗീകാരം ലഭിച്ചതിനാലാണ് പ്രോജക്ട് നിർവ്വഹണം നടത്തിയതെന്നും അറിവില്ലായ്മ മൂലമാണ് നിർവ്വഹണം സർക്കാർ ഉത്തരവുകളെ അതിലംഘിച്ച് നടത്തിയതെന്നും അറിയിച്ചിരുന്നു. പദ്ധതി/സബ്സിഡി മാർഗ്ഗരേഖ ഉത്തരവുകൾക്ക് അനുസൃതമായി മാത്രം ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ബാലസഭ- അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 125/25 |
| അടങ്കൽ | 50,000 (വികസന ഫണ്ട്- പൊതു) |
| ചെലവ് | 29550 (ബിൽ നം./ തീയതി- 8/10-3-25) |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

സ.ഉ(കൈ)നം 115/2022/തസ്വഭവ തീയതി 28-5-22 ഖ7-710പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് ബാലസഭാ സംഘാടനത്തിന് ചെലവഴിക്കാവുന്ന തുക 1000/-രൂപ വീതം മാത്രമാണ് . 20 വാർഡുകൾ ഉള്ള പാമ്പാടി ഗ്രാമപഞ്ചായത്തിൽ 2024-25 വർഷംബാലസഭയ്ക്കായി ചെലവഴിക്കാവുന്ന തുക 20000/-രൂപ മാത്രമാണ്. എന്നാൽ ബാലസഭയ്ക്കായി തൻവർഷം മേൽ പ്രോജക്ട് പ്രകാരം 29550/- രൂപ ചെലവഴിച്ചിരുന്നു. അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം1/16-9-25) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച് 9550/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രസ്തുത ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-30 കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം -അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നം. 56/17.7.24 പ്രകാരം 561479/- രൂപയും, ബിൽ നം. 72/29.7.24 പ്രകാരം 310659/- രൂപയും ഉൾപ്പെടെ ആകെ 872138/- രൂപ ചെലവഴിച്ചിട്ടുണ്ട്. പൊൻകുന്നം വർക്കി സ്മാരക സ്കൂൾ പരിസരത്ത് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കത്തക്ക വിധത്തിൽ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് സ്ഥാപിക്കുന്നതിനായിരുന്നു പ്രോജക്ട്. സ്ഥല പരിശോധനയിൽ സ്കൂളിൽ രണ്ടിടത്തായി രണ്ട് സാനിറ്ററി കോംപ്ലക്സുകൾ നിർമ്മാണം പൂർത്തീകരിച്ചതായി കണ്ടു. ഇതിൽ ഒരു കെട്ടിടത്തിലെ ഒരു ശുചിമുറി പൊതുജനങ്ങൾക്ക് ഉപയോഗിക്കാനായി നിർമ്മിച്ചിട്ടുള്ളതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള കോംപ്ലക്സിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നത് തന്നെ അനുചിതമായിരുന്നു. കൂടാതെ നിലവിൽ ശുചിമുറിയുടെ വാതിലുകൾ തകർന്ന നിലയിലാണ് കണ്ടത്. സാനിറ്ററി കോംപ്ലക്സിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടില്ല. നിലവിൽ 4 ശുചിമുറികളുള്ള ഒരു കെട്ടിടം പൂട്ടിയിട്ട നിലയിലാണ് കാണപ്പെട്ടത്.




ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ശുചിമുറികൾ പല വർഷങ്ങളിലായി സ്കൂളിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമാകുന്ന വിധത്തിൽ വിഭാവനം ചെയ്ത പ്രസ്തുത നിർമ്മിതി അനിവാര്യതയില്ലാത്ത പ്രോജക്ടായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനുൾപ്പെടെ പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്രദമാക്കി തീർക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-31 സംസ്കാരിക നിലയം നിർമ്മാണം വാർഡ് 20-ഉപയോഗപ്രദമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ സംസ്കാരിക നിലയം നിർമ്മാണം വാർഡ് 20 എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 900118/- രൂപ (വൗച്ചർ നം. 22401097/13.2.25- രൂപ 373994/-, 22401297/24.3.35- രൂപ 358282/-, 22401325/27.3.25- രൂപ 167842/-) ചെലവഴിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്നും കെട്ടിടത്തിലേക്ക് നിലവിൽ പ്രവേശത്തിനുള്ള സൗകര്യമില്ല എന്ന് ബോധ്യപ്പെട്ടു. പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/20-09-25)മറുപടി ലഭിച്ചില്ല.




നിലവിൽ സാസ്കാരിക നിലയത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും വൈദ്യുതി, വഴി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ ലഭ്യമായിട്ടില്ല. സാസ്കാരിക നിലയം ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ തുടർപ്രവർത്തികൾ നടപ്പിലാക്കി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന നിലയിൽ ഉപയോഗിക്കുന്നതിനും സജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്. പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ തൻവർഷത്തെ ചെലവായ 900118/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 പൂതക്കുഴി കുടിവെള്ള പദ്ധതി - ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൂതക്കുഴി കുടിവെള്ള പദ്ധതി- പൂർത്തീകരണം (വാർഡ് 9) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 78086/- രൂപ (ബിൽ നം. 629/27.3.25) ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലുൾപ്പെടെ ചെലവുള്ള പ്രസ്തുത പ്രോജക്ടിന്റെ സ്ഥല പരിശോധനയിൽ നിലവിലും കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തനാവസ്ഥ, ഇനിയും പൂർത്തീകരണത്തിനായി ചെയ്യാനവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം, ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുത്തത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/20-09-25) മറുപടി ലഭിച്ചില്ല.



കിണർ നിർമ്മാണം, പമ്പ്ഹൗസ് നിർമ്മാണം, പമ്പിങ്ങ് മെയിൻ (ഭാഗികമായി മാത്രം) എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ, മോട്ടോർ സ്ഥാപിക്കൽ, ടാങ്കിലേക്കുള്ള പമ്പിംഗ് മെയിൻ, വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കുടിവെള്ളപദ്ധതി പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ടിനായി തൻവർഷം ചെലവഴിച്ച 78086/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120102 "Sale Of Scraps/empties And Waste Materials" എന്ന ശീർഷകത്തിൽ 22677/- രൂപ വരവുണ്ട്. ഈ തുകകൾ റോഡ് സംരക്ഷണ ഗ്രാന്റ് ചെലവഴിച്ച് നടപ്പാക്കിയ 197/25- കോഴിവള്ളിപ്പടി കൈതമറ്റം റോഡ് പുനരുദ്ധാരണം, 187/25-ഗാന്ധിനഗർ കൊച്ചറ റോഡ് പുനരുദ്ധാരണം, 162/25- പള്ളിക്കുന്ന് റോഡ് പുനരുദ്ധാരണം, 134/25-മണിച്ചൻ റോഡ് പുനരുദ്ധാരണം, 165/25-കാഞ്ഞിരക്കാട്ട് വത്തിക്കാൻ റോഡ് പുനരുദ്ധാരണം, 206/25-കുറ്റിക്കൽ ആളോത്ത് റോഡ് പുനരുദ്ധാരണം എന്നീ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (25/20.9.25) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ജി ബിൻ വിതരണം - വികസനഫണ്ടിൽ നിന്നും 9675/- രൂപ അധികം ചെലവഴിച്ചു

| നിർവഹണ ഉദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നോർത്ത് പാമ്പാടി സർക്കിൾ) | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽനം/ തീയതി/തുക |
| 1. | എസ് 0260/25, ഉറവിടമാലിന്യ സംസ്കരണ ഉപാധികളുടെ-ജി ബിൻ-വിതരണം-മൂന്നാംഘട്ടം | സി.എഫ്.സി - ₹2,00,000<br>തനത് ഫണ്ട്-₹1,240<br>മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)- ₹22,360 | സി.എഫ്.സി - ₹1,97,340<br>തനത് ഫണ്ട്- ₹0<br>മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)- ₹0 | 1)620/26.03.2025 /₹98,670<br>2)621/26.03.2025 /₹98,670<br>ആകെ- 197340 |
| 2. | എസ് 0230/25, ഉറവിടമാലിന്യ സംസ്കരണ ഉപാധികളുടെ-ജി ബിൻ-വിതരണം-രണ്ടാംഘട്ടം(സ്പിൽ ഓവർ) | സി.എഫ്.സി - ₹5,03,100<br>മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)- ₹55,900 | സി.എഫ്.സി - ₹5,03,100<br>മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)- ₹0 | 204/02.12.2024 /₹5,03,100 |

ക്രമനമ്പർ (1) പ്രോജക്ട് പ്രകാരം ജി ബിൻ വിതരണം ചെയ്യുന്നതിന് 52ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം ₹22,308/- (52x429) 25.03.2025 ൽ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുള്ളതാണ്. കൂടാതെ ക്രമനമ്പർ (2) പ്രോജക്ട് പ്രകാരം 129 ഗുണഭോക്താക്കൾ നേരിട്ട് ഗുണഭോക്തൃവിഹിതം (₹425x129= ₹54825) അടച്ചിട്ടുണ്ട്. ജി ബിൻ വിതരണത്തിനായി ടെണ്ടർ പ്രകാരം സെലക്ട് ചെയ്ത ഇ-നാട് യുവജന സഹകരണ സംഘത്തിന് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ജി ബിന്നിന്റെ എണ്ണം | ആകെ തുക (₹) | രസീത് നം./ തീയതി | കൈമാ-റാൻ അവശേ-ഷിക്കുന്ന തുക(₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | എസ് 0260/25 (4290/Piece) | 23 | 98670 | B2B-0164/ 25.03.2025 | 0 |
| | | 23 | 98760 | B2B-0165/ 25.03.2025 | 0 |
| | | 6 | 25740 | B2B-0166/ 25.03.2025 | 25740 |
| 2 | എസ് 0230/25 (4250/Piece) | 129 | 548250 | B2B-063/ 23.03.2024 | 45150 |

എന്നാൽ ജി ബിൻ വിതരണത്തിനായി ടെണ്ടർ പ്രകാരം സെലക്ട് ചെയ്ത ഇ-നാട് യുവജന സഹകരണ സംഘത്തിന് കൈമാറിയ തുക, ജി ബിൻ എണ്ണത്തിന് ആനുപാതികമായി ഗുണഭോക്തൃവിഹിതം ചെലവഴിക്കുന്നതിന് പകരം പൂർണമായും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. കൂടാതെ ക്രമനമ്പർ (1) പ്രോജക്ട്, ജി ബിൻ വിതരണം ചെയ്ത് ജിയോ ടാഗിംങ് പൂർത്തീകരിച്ചിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 10/17.09.2025) വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ ജി ബിൻ വിതരണം പൂർത്തിയാക്കി ജിയോ ടാഗ് ചെയ്തതിനു ശേഷം മാത്രമേ 10% തുക കൈമാറാൻ പാടുള്ളൂ എന്ന് ശുചിത്വമിഷന്റെ നിർദ്ദേശം ഉണ്ട് എന്നും ജി ബിൻ എണ്ണത്തിന് ആനുപാതികമായി ഗുണഭോക്തൃവിഹിതത്തിൽ നിന്ന് തുക ചെലവഴിക്കാതെ പൂർണമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച പിഴവ് ഇനി ഉണ്ടാകാതെ ശ്രദ്ധിച്ചുകൊള്ളാം എന്നും അറിയിച്ചു. കൂടാതെ ക്രമനമ്പർ (1) പ്രോജക്ട് പ്രകാരം വിതരണം ചെയ്ത ജി ബിനുകൾ ഗുണഭോക്താക്കൾ കൈപ്പറ്റാൻ വൈകിയത് മൂലമാണ് ജിയോ ടാഗിംഗ് പൂർത്തിയാകാതിരുന്നത് എന്നും ടാഗിംഗ് പൂർത്തിയാക്കിയാലുടൻ തുക നല്കുന്നതാണ് എന്നും അറിയിച്ചു. ക്രമനമ്പർ (2) പ്രോജക്ട് പ്രകാരമുള്ള ജി ബിനുകളുടെ വിതരണവും ജി ടാഗിംഗും പൂർത്തീകരിച്ചിട്ടുണ്ട് എന്നും നല്കാനുള്ള തുക ഉടൻ നല്കുന്നതാണെന്നും വി.ഇ.ഒ. മറുപടിയിൽ അറിയിച്ചു.

ക്രമനമ്പർ (2) പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച ₹9675 ഗുണഭോക്തൃവിഹിതത്തിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി ക്രമീകരിക്കുകയും പ്രസ്തുത പ്രോജക്ടിന്റെ ജിയോ ടാഗിംഗ് പൂർത്തീകരിച്ചതിനാൽ നല്കുവാൻ അവശേഷിക്കുന്ന ₹45150/- കൈമാറേണ്ടതുമാണ്, ജിയോ ടാഗിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്രമനമ്പർ (1) പ്രോജക്ട് പ്രകാരം നല്കുവാൻ അവശേഷിക്കുന്ന തുക ₹25740/- കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വികസനഫണ്ടിൽ നിന്നുള്ള അധികചെലവ് ചെലവഴിക്കാതിരുന്ന ഗുണഭോക്തൃവിഹിതത്തിൽ നിന്ന് സർക്കാരിലേയ്ക്കടച്ച് ക്രമീകരിക്കുന്നതുവരെ 9675/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-35 വീട് വാസയോഗ്യമാക്കൽ - പുനരുദ്ധാരണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നോർത്ത് സർക്കിൾ) പാമ്പാടി | |
|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
| 1 | എസ് 0077/25, വീട് വാസയോ-ഗ്യമാക്കൽ- പട്ടികജാതി. | വികസന ഫണ്ട് (എസ്.സി.പി)- ₹19,57,000 തനത് ഫണ്ട്- ₹43,000 | വികസനഫണ്ട് (എസ്.സി.പി)- ₹13,30,000 തനത് ഫണ്ട്- ₹0 |

മേൽ പ്രോജക്ട് പ്രകാരം പട്ടികജാതിയിൽ ഉൾപെട്ട 19 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 13,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെയുള്ള രേഖകൾ പരിശോധിച്ച പ്രകാരം ഭവനപുനരുദ്ധാരണം പൂർത്തിയാക്കാൻ താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | പേര്, വിലാസം | അഡ്വാൻ-സായി കൈപ്പറ്റിയ തുക(₹) | ബിൽ നം/ തീയതി/ തുക (₹) |
|---|---|---|---|
| 1. | ജ്യോതി വി. എം. W/o രജനീഷ് കെ. ആർ. വേമ്പിൻ ചിറയിൽ, വട്ടക്കുന്ന് പി.ഒ. പാമ്പാടി | 50,000 | 275/08.01.2025 /4,50,000 |
| 2. | സുരേഷ് കുമാർ ഇ.എസ്. | 50,000 | 275/08.01.2025 /4,50,000 |
| 3. | ശ്രീകുമാരി ഇ. എസ്. D/o ശിവൻകുട്ടി, ഈട്ടിയ്ക്കൽ, വെള്ളൂർ പി.ഒ, പാമ്പാടി | 50,000 | 293/16.01.2025 /1,00,000 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വി.ഇ.ഒ യ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 08/17.09.2025) ക്രമ നമ്പർ (1) ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണം പൂർത്തീകരണഘട്ടത്തിലാണ് എന്നും ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ് എന്നും ക്രമനമ്പർ (2), (3) ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്യൂവേഷൻ കിട്ടുന്ന മുറയ്ക്ക് ബാക്കി തുക നല്കുന്നതാണ് എന്നും അറിയിച്ചു.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്ന മുറയ്ക്ക് വാല്യൂവേഷൻ ലഭ്യമാക്കി തുക വിതരണം ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതി - പുരോഗതി

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സൗത്ത് പാമ്പാടി സർക്കിൾ) | |
|---|---|---|---|
| ക്രമ നമ്പർ | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
| 1 | എസ് 0069/25, ലൈഫ് ഭവന നിർമ്മാണം - ജനറൽ | ₹1,20,00,000/- (വികസന ഫണ്ട്- ₹25,07,928 + സംസ്ഥാനാ-വിഷ്കൃത ഫണ്ട്- 50,00,000 + തനത് ഫണ്ട്- ₹9,35,052 + ബ്ലോക്ക് പഞ്ചായത്ത്- ₹6,00,000 + ജില്ലാ പഞ്ചായത്ത്- 5,00,000 + മറ്റുള്ളവ- ₹24,57,020) | ₹50,76,728/- (വികസന ഫണ്ട്- ₹25,07,928 + സംസ്ഥാനാ-വിഷ്കൃത ഫണ്ട്- 4,80,000 + തനത് ഫണ്ട്- ₹9,20,000 + ബ്ലോക്ക് പഞ്ചായത്ത്- ₹0 + ജില്ലാ പഞ്ചായത്ത്- 2,60,000 + മറ്റുള്ളവ ₹9,48,800) |
| 2 | എസ് 0073/25, ലൈഫ് ഭവന നിർമ്മാണം- പട്ടികജാതി. | ₹1,08,00,000/- (വികസന ഫണ്ട്- എസ്.സി.പി. ₹9,62,000 + സംസ്ഥാനാ-വിഷ്കൃത ഫണ്ട്- 27,00,000 + ബ്ലോക്ക് പഞ്ചായത്ത് - ₹3,48,402 + ജില്ലാ പഞ്ചായത്ത്- ₹6,00,000 + മറ്റുള്ളവ ₹61,89,598) | ₹14,22,000/- (വികസന ഫണ്ട്- ₹9,62,000 + സംസ്ഥാനാ-വിഷ്കൃത ഫണ്ട്-3,20,000 + ബ്ലോക്ക് പഞ്ചായത്ത് - ₹0 + ജില്ലാ പഞ്ചായത്ത് - ₹0 മറ്റുള്ളവ ₹1,40,000) |

പാമ്പാടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണപദ്ധതി ജനറൽ, പട്ടികജാതി, പട്ടികവർഗം എന്നീ കാറ്റഗറി തിരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്ന ഒരേ ഒരു ഗുണഭോക്താവ് ഭവനനിർമാണം പൂർത്തിയാക്കി പദ്ധതി പ്രകാരമുള്ള തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ജനറൽ, പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഭവനനിർമാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം.- S0069/25 (ജനറൽ)

| ക്രമ നം. | ഗുണഭോക്താവ്/ വാർഡ് | കരാറിലേർപ്പെട്ട തീയതി | ആകെ കൈപ്പറ്റിയ തുക (₹) | അവസാനമായി തുക കൈപ്പറ്റിയ തീയതി | ഭവനനിർമ്മാണം - നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1. | ചിഞ്ചു വി നായർ, ഉഴത്തിൽ. വാർഡ് നം.15 | 05.01.2023 | 3,00,000 | 26.06.2024 | ഭിത്തി പൂർത്തീകരിച്ചു |
| 2. | കുമാരി കെ. എം., കൊല്ലംപറമ്പിൽ. വാർഡ് നം.6 | 10.09.2024 | 40,000 | 04.02.2025 | നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. |
| 3. | പ്രമോദൻ കെ. ആർ. കുറിയന്നൂർ-കുന്നേൽ. വാർഡ് നം.16 | 19.03.2025 | 40,000 | 21.03.2025 | നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. |
| 4 | കുഞ്ഞമ്മ തോമസ്, പുറത്തയിൽ, വാർഡ് നം. 4. (2020-21, Phase III) | 12.07.2021 | 2,00,000 | 28.06.2022 | തറ പൂർത്തീകരിച്ചു |
| 5 | ഷീബാ റോയ്, കല്ലുങ്കൽ-പ്പറമ്പിൽ. വാർഡ് നം. 15(2020-21, Phase III) | 30.11.2021 | 3,00,000 | 06.08.2024 | ഭിത്തി പൂർത്തീകരിച്ചു. |
| 6 | ബിന്ദു ജിനു, നെടുംപുഞ്ചയിൽ. വാർഡ് നം. 4 (2020-21, Phase III) | 15.02.2021 | 1,40,000 | 14.02.2022 | തറ പൂർത്തീകരിച്ചു. |
| 7 | കമലമ്മ ഭാസ്കരൻ, ചൂരനവേലിൽ. വാർഡ് നം. 4 (2022-23, Phase III) | 16.12.2021 | 3,60,000 | 30.10.2024 | വാർക്ക പൂർത്തീകരിച്ചു. |
| 8 | തങ്കമ്മ എം.എം, മഠത്തിൽ- | 12.07.2022 | 40,000 | 02.08.2022 | നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| | പറമ്പിൽ. വാർഡ് നം. 10 (2022-23, Phase III) | | | | ആരംഭിച്ചതായി കാണുന്നില്ല. |
| 9 | അംബികാമണി, വടക്കേക്കര. വാർഡ് നം.5 (2023-24, Phase III) | 08.02.2023 | 2,00,000 | 28.01.2025 | തറ പൂർത്തീകരിച്ചു. |
| 10 | പുരുഷോത്തമൻ കെ. കെ, മുളന്താനത്ത്. വാർഡ് നം. 4 (2023-24 Phase III) | 01.02.2023 | 2,00,000 | 26.02.2024 | തറ പൂർത്തീകരിച്ചു. |
| 11 | ആൻസി സതീഷ്, മട്ടാഞ്ചേരി. വാർഡ് നം. 9 (കുറിച്ചി പഞ്ചാ.) (Phase III) | 26.08.2022 | 40,000 | 10.02.2023 | നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. |
| 12 | സുജ, മാന്തറയിൽ. വാർഡ് നം. 3 (Phase III) | 27.12.2022 | 2,00,000 | 29.09.2023 | തറ പൂർത്തീകരിച്ചു. |

മേൽ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിച്ചതായി കാണുന്നില്ല എന്നും ക്രമനമ്പർ (4), (6), (12) ൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ രണ്ട് വർഷത്തിന് മുകളിലായി ഭവന നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാത്തതിനും ക്രമ നമ്പർ (2), (3), (8), (11) ൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ട് നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 02/16.09.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ (8), (11) ഒഴികെയുള്ള ഗുണഭോക്താക്കൾക്ക് കുടുംബപരമായി ഉണ്ടായ അസൗകര്യങ്ങളും മറ്റും മൂലമാണ് നിർമ്മാണം വൈകുന്നതെന്നും ഉടൻ തന്നെ നിർമ്മാണം പുരോഗമിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ (8) ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും ടിയാൾക്ക് പലതവണ കത്ത് അയയ്ക്കുകയും ഭവന നിർമ്മാണം ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം തുക തിരിച്ചടയ്ക്കാനും നിർദ്ദേശിച്ചതായി മറുപടി നല്കിയിട്ടുണ്ട്. ക്രമ നമ്പർ (11) ഭവന നിർമ്മാണത്തിന് താത്പര്യമില്ല എന്നും തുക തിരികെ അടച്ചുകൊള്ളാം എന്നും അറിയിച്ചതായി വി.ഇ.ഒ. മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

2) പ്രോജക്റ്റ് നം. S0073/25 (പട്ടികജാതി)

| ക്രമ നം. | ഗുണഭോക്താവ്/വാർഡ് | കരാറിലേർപ്പെട്ട തീയതി | ആകെ കൈപ്പറ്റിയ തുക(₹) | അവസാനമായി തുക കൈപ്പറ്റിയ തീയതി | ഭവനനിർമ്മാണം - നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1. | ജയന്തി ജയകുമാർ, പുതുപ്പറമ്പിൽ. വാർഡ് നം.20 | 19.12.2022 | 3,60,000 | 26.09.2024 | മേൽക്കൂര പൂർത്തീകരിച്ചു |
| 2. | ജാനകി ഗോവിന്ദൻ, ഉമ്മിണിക്കുഴിയിൽ. വാർഡ് നം. 3 | 23.12.2022 | 3,60,000 | 04.10.2024 | മേൽക്കൂര പൂർത്തീകരിച്ചു. |
| 3. | സുനു, കല്ലുവേലിപ്പറമ്പ്. വാർഡ് നം.4 | 03.06.2022 | 40,000 | 29.06.2022 | നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. |
| 4. | ഉഷാ ബാബു, പള്ളിതെക്കേതിൽ. വാർഡ് നം. 4 | 22.06.2022 | 3,00,000 | 06.03.2025 | ഭിത്തി പൂർത്തീകരിച്ചു. |
| 5. | ജിനു പി ബാബു, പടിഞ്ഞാറേ പീടികചിറ. വാർഡ് നം. 4 | 16.07.2022 | 3,00,000 | 01.03.2023 | ഭിത്തി പൂർത്തീകരിച്ചു. |

മേൽ ഗുണഭോക്താക്കളിൽ ക്രമനമ്പർ (3) ഒന്നാം ഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തതിനും ക്രമനമ്പർ (5) തുക കൈപ്പറ്റി രണ്ട് വർഷത്തിന് മുകളിലായിട്ടും ഭവനനിർമാണം പൂർത്തീകരിക്കാത്തതിനും അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തിയാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്((നം 02/16.09.2025) ലഭിച്ച മറുപടിയിൽ ക്രമനമ്പർ (3), (5) ഗുണഭോക്താക്കൾ ഒഴികെ ബാക്കിയുള്ളവരുടെ ഭവന നിർമ്മാണത്തിൽ പുരോഗതിയുള്ളതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

ഭവനനിർമ്മാണം ആരംഭിക്കാത്ത/പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ആയതിനുവേണ്ട നിർദ്ദേശം നല്കി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതും, തുക കൈപ്പറ്റിയിട്ട് ഭവനനിർമ്മാണത്തിൽ ഗുരുതരമായ വീഴ്ച കാണിക്കുന്നവർ/തക്കതായ കാരണങ്ങളില്ലാതെ നിർമ്മാണം നിർത്തിവച്ചിട്ടുള്ളവർ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-37 ഹരിതകർമ്മസേന രസീത് സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സൗത്ത് പാമ്പാടി സർക്കിൾ) | |
|---|---|---|---|
| ക്രമ നമ്പർ | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
| 1 | എസ് 00258/25, ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ | തനത് ഫണ്ട്- ₹50,000 | തനത് ഫണ്ട്- ₹46,190 |

മേൽ പ്രോജക്റ്റ് പ്രകാരം ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് രസീത് ബുക്ക്, ഉപഭോക്തൃകാർഡ് എന്നിവ താഴെ സൂചിപ്പിക്കുന്ന തീയതികളിൽ പ്രിന്റ് ചെയ്തിട്ടുണ്ട്.

| ഇനം | ബിൽ നം/ തീയതി | എണ്ണം | തുക(₹) |
|---|---|---|---|

| | | | |
|---|---|---|---|
| രസീത് ബുക്ക് | B2C/24-25 /073/17.06.2024 | 100 | 7840 |
| രസീത് ബുക്ക് | B2C/24-25 /172/21.08.2024 | 100 | 8260 |
| ഉപഭോക്തൃ-കാർഡ് | B2C/24-25 /172/21.08.2024 | 2000 | 2124 |
| രസീത് ബുക്ക് | B2C/24-25 /254/09.10.2024 | 100 | 8260 |
| ഉപഭോക്തൃ-കാർഡ് | B2C/24-25 /254/09.10.2024 | 3000 | 3186 |
| രസീത് ബുക്ക് | B2C/24-25 /325/18.11.2024 | 100 | 8260 |
| രസീത് ബുക്ക് | B2C/24-25 /460/17.03.2025 | 100 | 8260 |
| ആകെ | | | 46190 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടിക പ്രകാരം പ്രിന്റ് ചെയ്തിട്ടുള്ള സാധനങ്ങൾ പൂർണമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണശേഷം ബാലൻസ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ വിതരണം ക്രമനമ്പർ പ്രകാരം അല്ലാത്തതിനാൽ രസീത് ബുക്ക്/ഉപഭോക്തൃകാർഡ് എന്നിവയുടെ ബാലൻസ് പരിശോധിക്കാനും കഴിഞ്ഞില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.03/16.09.2025) ലഭിച്ച മറുപടിയിൽ ഉണഭോക്താക്കളുടെ സന്ദർശനവേളയിലും ജോലിയുമായി ബന്ധപ്പെട്ട് തിരക്ക് ഉണ്ടാകുന്ന സാഹചര്യത്തിലും ഫീൽഡ് പരിശോധനാസമയത്തും ഹരിതകർമ്മസേനാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ സ്വന്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തി രസീത് ബുക്ക് കൈപ്പറ്റുവാൻ ഹരിതകർമ്മസേനാംഗങ്ങൾക്ക് അനുവാദം നല്കിയത് മൂലമാണ് ഇങ്ങനെ സംഭവിച്ചത് എന്ന് അറിയിച്ചു. പണം പിരിവിനായി പ്രിന്റ് ചെയ്യുന്ന രസീതുബുക്കുകളുടെ സൂക്ഷിപ്പിലും വിതരണത്തിലും നടപടിക്രമങ്ങൾ കൃത്യമായ പാലിക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്വമാണ്.

പ്രിന്റ് ചെയ്യുന്നതും വാങ്ങുന്നതുമായ സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതും ബാലൻസ് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ രസീതുബുക്കുകൾ ക്രമനമ്പർ പ്രകാരം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-38 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | നം S0126/25- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 165000/- രൂപ (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 165000/- രൂപ, BRN-24080752032100971479/29.11.2024 |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, പാമ്പാടി |

പാമ്പാടി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 165000/- രൂപ ഹോംകോയ്ക്ക് പ്രോഫോർമ ഇൻവോയ്സ് നം. PF-564 Dtd 09.11.2024 പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 156753/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമാക്കിയ മരുന്നുകളുടെ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടാക്സ് ഇൻവോയ്സ് നം. | തുക |
|---|---|
| LF-1383/10.09.2025 | 75561 |
| LF-737/11.07.2025 | 17836 |
| LF-138/10.05.2025 | 63356 |
| ആകെ | 156753 |

ശേഷിക്കുന്ന 8247/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/16.09.2025 ന് മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയിലേക്ക് മെയിൽ അയച്ചിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്നുകൾ ലഭ്യമാക്കി ടാക്സ് ഇൻവോയ്സ് , സ്റ്റോക്കിലെടുത്ത വിവരം ഉൾപ്പെടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന ലഭ്യമാകുന്നതു വരെ 8247/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

### 1-39 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ

പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ഗ്രാന്റ് വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കേണ്ട വിവിധ സ്കീമുകൾ

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം

പാമ്പാടി ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 5 (എഫ് എച്ച് സി-മീനടം, ഉപകേന്ദ്രങ്ങൾ -സൗത്ത് പാമ്പാടി, വെസ്റ്റ് പാമ്പാടി, ആലാമ്പള്ളി, വെള്ളൂർ), ഹോമിയോപ്പതി - 1, ആയുർവേദ - 1 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. ഇതിൽ വെള്ളൂർ, വെസ്റ്റ് പാമ്പാടി എന്നീ ഉപകേന്ദ്രങ്ങൾ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. 2021-22 വർഷം മുതൽ 2024-25 വർഷം വരെ അനുവദിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു. (2021-22 മുതൽ അനുവദിച്ച ഫണ്ടുകളിൽ ചിലത് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളത് തൊട്ടടുത്ത വർഷങ്ങളിലാണ്.)

സ്കീം 1

വരവൊന്നും ലഭ്യമായിട്ടില്ല.

സ്കീം 3

| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | 205303 | 1059000 | 443000 | 0 | 1707303 |
| | ചെലവ് | 205297 | 0 | 0 | 0 | 205297 |
| | നീക്കിയിരിപ്പ് | 6 | 1059000 | 443000 | 0 | 1502006 |

സ്കീം 4

| കുടുംബാ-രോഗ്യ കേന്ദ്രങ്ങ-ളിലും ഉപകേന്ദ്ര-ങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്ത-നങ്ങൾ നടപ്പാക്കൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | 120000 | 435000 | 693000 | 0 | 1248000 |
| | ചെലവ് | 120000 | 435000 | 78400 | 0 | 633400 |
| | നീക്കിയിരിപ്പ് | 0 | 0 | 614600 | 0 | 614600 |

2022-23 രോഗനിർണ്ണയ സൗകര്യങ്ങൾക്കായി പാമ്പാടി ഗ്രാമപഞ്ചായത്തിന് ലഭിച്ച 1059000/- രൂപ നിലവിലും ചെലവഴിച്ചിട്ടില്ലാത്തതാണ്. പാമ്പാടി പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്തതിനാൽ മെഡിക്കൽ ഓഫീസർ , പി.എച്ച്.സി.,മീനടത്തിന് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രോജക്ട് പ്രകാരം അടങ്കൽ നിശ്ചയിച്ച് നൽകിയിരുന്നു. എന്നാൽ മീനടം പിഎച്ച്സിയിലെ ലാബിൽ മീനടം പഞ്ചായത്തിൽ ഈ സ്കീമിൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ് തുക തന്നെ പര്യാപ്തമായതിനാലും ലാബ് നവീകരിച്ചതിനാലും പാമ്പാടി പഞ്ചായത്തിന് ലഭിച്ച തുക പാമ്പാടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ലാബിന്റെ പ്രവർത്തനങ്ങൾക്കും സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിക്കുന്നതിനായി പാമ്പാടി താലൂക്ക് ആശുപത്രിയ്ക്ക് കൈമാറി തുക ചെലവഴിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്തിലും ജില്ലാ മെഡിക്കൽ ഓഫീസർക്കും മെഡിക്കൽ ഓഫീസർ പിഎച്ച്സി മീനടം കത്ത്

നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 15.2.24 ലെ തീരുമാനം നം. 6 പ്രകാരം പ്രോജക്ട് സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പാമ്പാടി മുഖാന്തിരം നടപ്പാക്കുന്നതിന് തീരുമാനിച്ചെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചില്ല. സ്കീം 3 യിൽ 2021-22 വർഷത്തെ ഒരു തുക മാത്രമാണ് ചെലവഴിക്കാനായിട്ടുള്ളത്. സ്കീം 3, സ്കീം 4 എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ /ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്ക് പാമ്പാടി ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110043180508 |
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110043191620 |
| കെട്ടിടങ്ങളില്ലാത്ത സാമൂഹ്യരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110043181850 |

സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ഇടപെടലുകൾ നടത്തേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ സ്കീമിലെയും പാസ് ബുക്ക് പ്രകാരം 31.3.25 ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
1) സ്കീം 1 - 0
2) സ്കീം 3 - 1553997/-
3) സ്കീം 4 - 704354/-
(മേൽ തുകകളിൽ അക്കൗണ്ടുകളിൽ ലഭ്യമായ പലിശയും ഉൾപ്പെടുന്നുണ്ട് )

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മൂന്ന് സ്കീമുകളിലുമായി ആകെ 22.58 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിലവിലുള്ള പൂർത്തീകരിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 ജൽജീവൻ മിഷൻ

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥിരമായി ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ നൽകി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ജലജീവൻമിഷൻ ലക്ഷ്യം വയ്ക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവും കുടിവെള്ളക്കരം പിരിക്കൽ ഉൾപ്പടെയുള്ള മുഴുവൻ പ്രവർത്തനങ്ങളും കേരള വാട്ടർ അതോറിറ്റിയെ ഏൽപിച്ച് നൽകുന്നതിന് 23-6-23ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. പാമ്പാടി ഗ്രാമപഞ്ചായത്തിൽ എല്ലാവർഡുകളിലും ജൽജീവൻ മിഷൻ സംബന്ധിച്ച പ്രവർത്തികൾ നടന്നുവരുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം നാളിതുവരെ നൽകിയിട്ടില്ല.പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം (*) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 103500/- | 95500/- | 8000/- | മാർച്ച് മാസത്തിലെ ശമ്പളത്തിൽ നിന്നും കുറവു ചെയ്തിട്ടുള്ള തുകയാണ് 8,000/- |

(*)01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| | | ഇല്ല. | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടങ്കിൽ ആയതുൾപ്പെടെ | മെഡി സെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് ( 1.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം

2024-25 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12-09-2025 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 20,12,581/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 12,17,868/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 3,30,000/- | ഭിന്ന ശേഷി യുള്ളവർക്ക് സ്കോളർഷിപ്പും യാത്രാ ബത്തയും (114/25) | 3,30,000/- | 0 |
| | 4,00000/- | പാമ്പാടി ഗ്രാമപഞ്ചായത്ത് 2-)0 വാർഡിൽ വെട്ടിപ്പടി ജംഗ്ഷനിലും മധുരമറ്റം ജംഗ്ഷനിലും മിനിമാസ്റ്റ് സ്ഥാപിക്കൽ (157/25) | 4,00000/- | 0 |
| | 1,00000/- | ലൈഫ് ഭവന നിർമ്മാണം -പട്ടിക വർഗ്ഗം(254/25) | 1,00000/- | |
| | 2,60,000/- | ലൈഫ് ഭവന നിർമ്മാണം -ജനറൽ (69/25) | 2,60,000/- | 0 |
| | 9,22,581/- | പാമ്പാടി ഗ്രാമ പഞ്ചായത്ത് ഉദുത്തേൽ പാലത്തിന്റെ അപ്രോച്ച് റോഡ് പൂർത്തീകരണവും അനുബന്ധ റോഡുകളുടെ പുനരുദ്ധാരണവും വാർഡ് - 2 (199/25) | 9,22,581/- | 0 |
| ആകെ | 20,12,581/- | ജില്ല പഞ്ചായത്ത് വിഹിതം | 20,12,581/- | 0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2,35,000/- | ഭിന്ന ശേഷി യുള്ളവർക്ക് സ്കോളർഷിപ്പും യാത്രാ ബത്തയും (114/25) | 2,35,000/- | 0 |
| | 2,05,120/- | അംഗനവാടികളിൽ അനുപൂരകപോഷകാഹാരം- ജനറൽ (104/25) | 2,05,120/- | 0 |

| | | | | |
|---|---|---|---|---|
| | 5,00000/- | വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (158/25) | 5,00000/- | 0 |
| | 2,77,748/- | കൊച്ചമറ്റം കോട്ട റോഡ് വാർഡ് - 20 (40/25) | 2,77,748/- | 0 |
| ആകെ | 12,17,868/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 12,17,868/- | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം കെ.എസ്.ഇ.ബി യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്റ്റ് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റ് | മുൻകൂർ നൽകിയ തുക | ചെലവ-ഴിച്ച തുക | ചെലവഴി-ക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി മീനടം | 67/25 സ്ട്രീറ്റ് മെയിൻ വലിക്കൽ | 2,,50,000/- | 0 | 2,50,000/- |
| കെ.എസ്.ഇ.ബി പത്തനാട് | | 4,50,000/- | 0 | 4,50,000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്ത് വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം 31/03/2025-ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരം-ഭത്തിൽ തിരിച്ച-ടയ്ക്കാൻ ബാക്കിയു-ണ്ടായിരുന്ന തുക | തൻ-വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാ-വസാനം തിരിച്ച-ടയ്ക്കാൻ ബാക്കി-യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി.ഒ. (എം.എസ്) 68/2018/ LSGD തീ-18.05.2018 | 7,073,608/- | 728800/- | 625592/- | - | 7176816/- |

സെക്രട്ടറിയുടെ 444/25, 446/25,445/25,447/25 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 6,25,592/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്താണ്(Source Deduction) KURDFC വായ്പ തിരിച്ചടവ് നടത്തിയത്. വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി B5 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക പലിശ (5451/-) കൂടി ഉൾപ്പെടെയുള്ള തുകയാണ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,409147/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 466962/- |
| ആകെ | 58,76,109/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,409,147/- |

31/03/2025 വരെയുള്ള സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. നിക്ഷേപ സർട്ടിഫിക്കറ്റുകൾ, നിക്ഷേപ സ്റ്റോൾ പ്രകാരം പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

| നിക്ഷേപിച്ച ബാങ്ക്/ശാഖ | FD Account No./ പലിശ നിരക്ക് | 01/04/2024 മുന്നിരിപ്പ് | 2024-25 ൽ ലഭിച്ച പലിശ | 31/03/2025 നീക്കി-യിരിപ്പ് | നിക്ഷപം പുതുക്കിയ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പാമ്പാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 831 /പാമ്പാടി | 24827/8.25 % | 26,48,215/- | 2,18,478/- | 28,66,693/- | 23/06/2025 12 മാസം |
| വെള്ളൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. K-231 | 0110200016194 /8.25 % | 27,60,932/- | 2,48,484/- | 3009416/- | 04/02/2025 12 മാസം |
| ആകെ സ്ഥിര നിക്ഷേപം | | 5,409147/- | 4,66,962/- | 58,76,109/- | |

## 4-8 ഓഡിറ്റ് റിക്കവറി

2024-25 വർഷം ഓഡിറ്റ് റിക്കവറിയായി 63,394/- രൂപ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | അടവാക്കിയ തുക/ വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1. | 2023-24 | 1-17 | 5572/-, തൊഴിൽ നികുതി | ഏഷ്യൻ സ്പൈസസ് | 1240405131/24-01-2025 |
| 2 | 2013-14 & 2014-15 | 2-4-2 (2) | 360 തൊഴിൽ നികുതി | മാനേജർ മത്സ്യഫെഡ് | 1240400214/09-04-2024 |
| 3 | 2022-23 | 1-18 | 1000, വാടക | വർഗ്ഗീസ് പി കെ | 1240401566/06-06-2024 |
| 4 | 2022-23 | 1-18 | 1200, തൊഴിൽ നികുതി | പ്രൊപ്രൈറ്റർ ഹോട്ടൽ സംഗം | 1240402195/09-07-2024 |
| 5 | 2023-24 | 1-17 | 960, തൊഴിൽ നികുതി | ജി-ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ | 1240404817/04-01-2025 |
| 6 | 2023-24 | 1-17 | 2520, തൊഴിൽ നികുതി | ശ്രീ ഭദ്ര പബ്ലിക് സ്കൂൾ | 1240404847/07-01-2025 |
| 7 | 2023-24 | 1-17 | 420, തൊഴിൽ നികുതി | പ്രോമിസ് ഹോം ഗാലറി | 1240405159/27-01-2025 |
| 8 | 2013-14 & 2014-15 | 2-4-1(3) | 5000, തൊഴിൽ നികുതി | എസ് സി ബി പാമ്പാടി ഓർവയൽ ബ്രാഞ്ച് | 1240405526/12-02-2025 |
| 9 | 2013-14 & 2014-15 | 2-4-1(5) | 5000, തൊഴിൽ നികുതി | എസ് സി ബി പാമ്പാടി മോർണിങ് & ഈവനിങ് ബ്രാഞ്ച് | 1240405526/12-02-2025 |
| 10 | 2013-14 & 2014-15 | 2-4-1 | 7500, തൊഴിൽ നികുതി | എസ് സി ബി പാമ്പാടി കുറ്റിക്കൽ ബ്രാഞ്ച് | 1240405525/12-02-2025 |
| 11 | 2023-24 | 1-17(സി)(3) | 1250, തൊഴിൽ നികുതി | അക്ഷയ സെന്റർ വെള്ളൂർ | 1240406588/28-02-2025 |
| 12 | 2022-23 | 1-24 | 50, പാരാമെഡിക്കൽ ലൈസൻസ് | ശ്രീ പരമേശ്വര കളരി | 1240001011/31-03-2025 |
| 13 | 2010-11 | 3-7 | 531 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 1240001012/31-03-2025 |
| 14 | 2014-15 | 2-5 | 420, വാടക | ജലജ പ്രകാശ് | 1240001013 /31-03-2025 |
| 15 | 2021-22 | 1-15(3) | 1250, തൊഴിൽ നികുതി | നെടും പറമ്പിൽ സിൻഡിക്കേറ്റ് | 1240001016/31-03-2025 |
| 16 | 2021-22 | 1-15(2) | 1250, തൊഴിൽ നികുതി | കൊശമറ്റം ഫിനാൻസ് | 1240001015 /31-03-2025 |
| 17 | 2014-15 | 2-5 | 6250, വാടക | നന്ദിനി ഗോപി | 1240001018 /31-03-2025 |
| 18 | 2023-24 | 1-17 | 2500, തൊഴിൽ നികുതി | എച്ച് ഡ് എഫ് സി ബാങ്ക് | 1240406229/25-02-2025 |
| 2024-25 ൽ ആകെ അടവാക്കിയ ഓഡിറ്റ് റിക്കവറി - 43,033/- രൂപ | | | | | |

വാർഷിക കണക്കുകളിലെ RP -10 ലെ '180400301' ശീർഷകം പ്രകാരമുള്ള ആകെ ഓഡിറ്റ് റിക്കവറി തുകയായ 63394/- രൂപയിൽ 20361/- രൂപ സി & എജി ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ഓഡിറ്റ് റിക്കവറി തുകയാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പാമ്പാടി ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4-1 | 2016-17 | നം. 1, അനുബന്ധം-3 | വസ്തു നികുതി പരിഷ്ക്ക-രണത്തിന് ആധികാരിക സ്ഥിരീക-രണമില്ല | നിയമസഭാ സമിതിയുടെ പരിഗണന-യിലാണ് |
| 2014-15 | 2-4-2 | 2016-17 | നം. 2, | തൊഴിൽ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | അനുബന്ധം-4 | നികുതി | സമിതിയുടെ പരിഗണന-യിലാണ് |
| 2015-16 | 2-4-1, 2-4-2, 2-4-3, 2-4-4 | 2016-17 | നം. 2, അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണന-യിലാണ് |

## 4-10 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 7,47,14,820/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 6,85,18,838/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 18,56,50,109/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 17,01,45,723/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | : | 16,96,001/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരുംഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 7,00,000 | ശാലിനി വർഗീസ്, സെക്രട്ടറി |
| 1-29 | 9550 | രാജീവ് കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 900118 | ഷീനാമോൾ പി. ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 78086 | ഷീനാമോൾ പി. ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 8247 | ഡോ. അന്ന ജോസഫ് കെ., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 16,96,001/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി4/388/2000/03.08.2000 | - |
| 1995-96 | എൽ.എഫ്.കെ.പി4/178/2008/15.12.2008 | - |
| 1999-02 (Plan) | എൽ.എഫ്.കെ.പി6/164/2003/07.08.2008 | - |
| 2002-03 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(2)/2022/03.08.2022 | 1 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(3)/2022/03.08.2022 | 1 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(4)/2022/03.08.2022 | 3 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1099/2022/03.08.2022 | 3 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1101/2022/03.08.2022 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1235/2022/03.08.2022 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1100/2022/03.08.2022 | 5 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1102/2022/03.08.2022 | 4 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1233/2022/03.08.2022 | 4 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1104/2022/03.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1103/2022/08.08.2022 | 14 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1234/2022/24.06.2022 | 11 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1105/2022/29.08.2022 | 16 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/1340/2022/31.08.2022 | 21 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/1190/2021/03.01.2022 | 17 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/1191/2021/03.01.2022 | 22 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം-പി13/1368/2023/16.02.24 | 22 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം-പി13/1665/2023/22.02.24 | 35 |
| 2023-24 | കെ.എസ്.എ.-കെ.ടി.എം-പി13/1746/2024/11.02.25 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 30-06-2025 and submitted on 07-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pampady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pampady Grama Panchayat as on 31-03-2025

Date: 07/11/2025 Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Pampady Grama Panchayat for the Year 2024-2025.

### 1.Major Observations

1. Details not maintained to make clear the authenticity of Panchayath general fund. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 are not provided by authorised register or document.
3. Non Disclosure of Assets-Assets not classified evaluated and accounted-Asset Database is not updated upto 31-03-2025.

### 2.Other Observations

1. The corresponding Capital Contribution entry has not made in capital work in progress shedule as per annual plan of 2024-25.
2. Demand registers of various revenue items does not match with Financial statements.
3. Finance Commission Grant balance as per B17 does not match with Schedule B4.
4. KURDFC Loan balance shown in AFS do not match with that in loan register.
5. Details not disclosed regarding redemption amount to be received from government.
6. Panchayat Distress Relief Fund balance in balance sheet schedule differs from bank accounts.
7. The Beneficiary Contribution expences in 2024-25 were not adjusted in the corresponding shedule in the annual financial

statement.

8. Government/Other Deuce Register are not maintained.
9. Deposit details in some heads in the annual financial statement does not match with the deposit register.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്